# ഫോണിംഗിലെ ഇസ്‌ലാമികമര്യാദകൾ

ശമീർ മദീനി

ശമീർ മദീനി

# ഫോണിംഗിലെ ഇസ്‌ലാമികമര്യാദകൾ

**DA'WA BOOKS**
**P.B No: 1981, Vyttila, Cochin - 19**

# DA'WA BOOKS

Malayalam | Study | Phoningle Islamika Maryadakal
ഫോണിംഗിലെ ഇസ്‌ലാമിക മര്യാദകൾ
Author: Shameer Madeeni
First Edition: January 2010
**Price: Rs. 25.00**

Publishing | Distribution
Da'wa Books | Salafi Cultural Complex | Vyttila | Kochi-19
Web: www.dawabooks.org | Email: dawabook@gmail.com
Cover: Primrose | Type Setting: Panacea Nasar | Printing: Screen Offset, Kochi
ISBN: 978-93-80442-09-9

All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the author or publishers.

അന്താരാഷ്ട്ര നിലവാരത്തിൽ മലയാള പുസ്തകങ്ങൾ പുറത്തിറക്കുകയും പ്രസക്തമായ വിവിധ ഭാഷാഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി പ്രസിദ്ധീകരിക്കുകയും അന്താരാഷ്ട്ര സമൂഹത്തിന് പരിചയപ്പെടുത്തേണ്ട മലയാള കൃതികൾ മറ്റു ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'ദഅ്‌വാ ബുക്സ്' ശ്രദ്ധേയവും വ്യതിരിക്തവുമായ പുസ്തകങ്ങൾ പുറത്തിറക്കിക്കൊണ്ട് ഇതിനകം തന്നെ പുസ്തക പ്രസാധന രംഗത്ത് സ്ഥിരപ്രതിഷ്ഠ നേടിക്കഴിഞ്ഞിട്ടുണ്ട്, الحمد الله.

വിശുദ്ധ ഖുർആനും തിരുസുന്നത്തുമാകുന്ന ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ, പ്രവാചകന്റെ ﷺ പ്രത്യേകമായ അംഗീകാരത്തിന് വിധേയമായ ആദിമ തലമുറക്കാർ മനസ്സിലാക്കിയതുപോലെ മനസ്സിലാക്കണമെന്ന അഹ്‌ലുസുന്നത്തി വൽ ജമാഅത്തിന്റെ രീതിശാസ്ത്രത്തിൽ ഗ്രന്ഥരചന നടത്തിയിട്ടുള്ള പണ്ഡിതൻമാരുടെ പുസ്തകങ്ങളാണ് പ്രധാനമായും ദഅ്‌വ ബുക്സ് പുറത്തിറക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങളിലേക്ക് ക്ഷണിക്കുകയല്ല, പ്രമാണബദ്ധമായി കാര്യങ്ങളെ വിലയിരുത്തുകയും മനസ്സിലാക്കുകയും ചെയ്യുന്നതിലേക്ക് നയിക്കുകയാണ് ഇത്തരം ഗ്രന്ഥങ്ങൾ പുറത്തിറക്കുമ്പോൾ 'ദഅ്‌വ ബുക്സ്' ഉദ്ദേശിക്കുന്നത്. ഗ്രന്ഥകർത്താക്കളുടെ സ്വന്തമായ അഭിപ്രായങ്ങൾ ദഅ്‌വാ ബുക്സിന്റെ അഭിപ്രായങ്ങളല്ലെന്നർത്ഥം.

ഫോൺ വിളികളിൽ ശ്രദ്ധിക്കേണ്ട ഇസ്‌ലാമിക മര്യാദകൾ വിശദീകരിക്കുന്ന കൃതിയാണിത്. സുഊദി അറേബ്യയിലെ പ്രസിദ്ധ പണ്ഡിതനായിരുന്ന ബക്കർ അബൂ സൈദിന്റെ 'ആദാബുൽ ഹാതിഫ്' എന്ന കൃതിയെ അവലംബമാക്കി ശമീർ മദീനിയാണ് ഇതിന്റെ ഇതിന്റെ രചന നിർവഹിച്ചിരിക്കുന്നത്.

നാഥാ. . . . നീ ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ)

**മാനേജർ**

## താളുകളിൽ


1. ഡയൽ ചെയ്യുന്ന നമ്പർ ശരിയാണോ എന്ന് ഉറപ്പുവരുത്തുക ... 17
2. സമയം പരിഗണിക്കുക ........ 19
3. റിംഗിങ്ങും റിംഗ്ടോണും ........ 24
4. സംസാരരീതി ........ 26
5. പരിചയപ്പെടുത്തൽ ........ 29
6. ദൈർഘ്യം കുറക്കുക ........ 30
7. ശബ്ദം നിയന്ത്രിക്കുക ........ 31
8. സ്ത്രീയും ഫോണും ........ 35
9. ഫോണും വീടും ........ 37
10. ഫോൺ ബില്ല് ........ 40
11. ഫോണും ഓഫീസും ........ 41
12. മറ്റുള്ളവരുടെ ഫോൺ ഉപയോഗിക്കുമ്പോൾ ........ 43
13. ഫോണും ഫത്‌വയും ........ 45
14. ബന്ധങ്ങൾ പുതുക്കാൻ ഒരു കോൾ ........ 47
15. ഫോണിംഗിലെ ചതിയും വഞ്ചനയും ........ 48
16. കബളിപ്പിക്കൽ ........ 53

# വായനക്കു മുമ്പ്

ഫോൺ ഇന്നൊരു നിത്യോപയോഗ വസ്തുവായി മാറിയിട്ടുണ്ട്. പക്ഷേ, അധികപേരും ഫോണുപയോഗിക്കുന്നതിലെ മാന്യമായ മര്യാദകളെകുറിച്ച് ബോധവാന്മാരല്ല. അറിഞ്ഞുകൊണ്ടോ അറിയാതെയോ പലതരത്തിലുള്ള പ്രയാസങ്ങളും അതുമുഖേന മറ്റുള്ളവർക്കുണ്ടാകുന്നു. ഒരു വിശ്വാസി മറ്റുള്ളവർക്ക് ശല്ല്യവും ഉപദ്രവവും ആയിക്കൂടാ. അവന്റെ ആദർശവും സംസ്കാരവും ഇത്തരം വ്യക്തിബന്ധങ്ങളിലും ഇടപാടുകളിലും പ്രകടമാകണം.

ഫോൺ എന്ന അനുഗ്രഹം എങ്ങനെ മാന്യമായി ഉപയോഗിക്കാം എന്ന് പ്രതിപാദിക്കുന്ന ഒരു ചെറുകൃതിയാണ് നിങ്ങളുടെ കൈകളിൽ. സുഊദി അറേബ്യയിലെ പ്രമുഖ പണ്ഡിതന്മാരിലൊരാളായിരുന്ന ബക്കർ അബ്ദുല്ലാ അബൂസൈദ് ﵀യുടെ 'അദബുൽ ഹാത്തിഫ്' എന്ന ഗ്രന്ഥം വായിച്ചപ്പോൾ

ഇതുപോലൊന്ന് മലയാള ഭാഷയിലും വേണമെന്ന് തോന്നി. അതിന്റെ നേർപരിഭാഷയല്ല ഇത് എങ്കിലും മുഖ്യ അവലംബമായും ഒരു വഴികാട്ടിയായും പ്രസ്തുത കൃതി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

എഴുതിവന്ന ഭാഗങ്ങൾ 'സ്നേഹ സംവാദം' മാസികയിലൂടെ പല ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചതാണ്. പലരും ആവശ്യപ്പെട്ടത് പ്രകാരം - ചില സംഗതികൾ കൂടി ചേർത്ത് - ഗ്രന്ഥ രൂപത്തിലാക്കിയിരിക്കുകയാണ്. ഇതിന്റെ പിന്നിൽ സഹകരിച്ച പലയാളുകളുമുണ്ട്. ആരുടെയും പേര് പ്രത്യേകം എടുത്തു പറയുന്നില്ലെങ്കിലും എല്ലാവർക്കും സർവ ശക്തനായ അല്ലാഹു തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കുമാറാകട്ടെ, എന്ന് പ്രാർത്ഥിക്കുന്നു. സ്ഖലിതങ്ങൾ വല്ലതും ശ്രദ്ധയിൽ പെടുന്നവർ സ്നേഹബുദ്ധ്യാ ഉണർത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

അല്ലാഹുവേ, ഇതിൽ വല്ല വീഴ്ചകളും വന്നുപോയിട്ടുണ്ടെങ്കിൽ നീ പൊറുക്കണമേ, ഇതൊരു സൽകർമമായി ഞങ്ങളിൽ നിന്ന് നീ സ്വീകരിക്കേണമേ. ആമീൻ.

**ശമീർ മദീനി**
ശ്രീമൂലനഗരം

# ഫോണിംഗിലെ ഇസ്‌ലാമികമര്യാദകൾ

ആദ്യകാലങ്ങളിൽ ഫോണും മൊബൈലുമൊക്കെ ഏതാനും ചില ഉന്നത വർഗ്ഗക്കാരുടെ കുത്തകയായിരുന്നുവെങ്കിൽ ഇന്ന് അവയൊക്കെ ഏതൊരു സാധാരണക്കാരന്റെയും കൈവശം എത്തിപ്പെട്ടിരിക്കുന്നു. ആധുനിക കാലഘട്ടത്തിൽ അതൊരു നിത്യോപയോഗ സാധനമായി മാറിയെന്നർഥം. പക്ഷെ, അവയുടെ ഗുണദോഷങ്ങൾ വേർതിരിച്ച് മനസ്സിലാക്കി ഉപയോഗിക്കുന്നവർ പൊതുവെ കുറവാണെന്ന് തന്നെ പറയാം. അവയുടെ ദൂഷ്യങ്ങൾ മാത്രം എടുത്തു പറഞ്ഞ് പാടെ കയ്യൊഴിക്കുന്ന രീതി ഗുണപരമല്ല. ദൂഷ്യവശങ്ങളും ദുരുപയോഗങ്ങളും അംഗീകരിച്ചുകൊണ്ട് തന്നെ പറയട്ടെ; അവയിൽ ധാരാളം ഗുണങ്ങളുണ്ട്. തിരക്കുപിടിച്ച ആധുനിക ജീവിതത്തിൽ ഒരു ഫോൺകോൾ ചിലപ്പോൾ മണിക്കൂറുകൾ ചെലവഴിച്ചുകൊണ്ടുള്ള ദുരിതപൂർണമായ യാത്ര ഒഴിവാക്കാൻ സഹായിച്ചേക്കാം. ആയിരക്കണക്കിന് കിലോമീറ്ററുകൾ അകല

ങ്ങളിലുള്ള കൂട്ടുകുടുംബാദികളെയും സുഹൃത്തുക്കളെയും ഒരു പരിധിവരെ 'അടുത്തുനിർത്താൻ' ഫോൺ കോളുകൾ സഹായിക്കാറുണ്ട്. അത്യാവശ്യ കാര്യങ്ങൾ ഉടൻ കൈമാറാനും ഫോണിംഗിലൂടെ എളുപ്പത്തിൽ സാധിക്കുന്നു. അകലങ്ങൾ ചുരുക്കി സൗകര്യങ്ങൾ മെച്ചപ്പെടുത്തിതരുന്ന ഫോൺ ദുരുപയോഗം ചെയ്യപ്പെടുന്നതിനെക്കുറിച്ച് നാം ബോധവാന്മാരേകണ്ടതുമുണ്ട്.

ഫോൺ എന്ന ഈ ആധുനിക അനുഗ്രഹത്തെ എങ്ങനെ മാന്യമായി ഉപയോഗിക്കാമെന്ന് ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുവാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ജീവിതം സർവശക്തനായ അല്ലാഹുവിന്ന് സമർപ്പിക്കുന്നുവെന്നും അവന്റെ വിധിവിലക്കുകൾക്ക് കീഴൊതുങ്ങുന്നുവെന്നും പ്രതിജ്ഞയെടുത്ത സത്യവിശ്വാസിയെ (മുസ്‌ലിം എന്ന വാക്കിന് കീഴൊതുങ്ങിയവൻ, സമർപ്പിച്ചവൻ എന്നൊക്കെയാണ് അർഥം) സംബന്ധിച്ചിടത്തോളം തന്റെ ചെറുതും വലുതുമായ വാഗ്‌വിചാരകർമങ്ങളിലും ഇടപാടുകളിലും ദൈവിക കൽപനകളും ഉപദേശങ്ങളും പാലിക്കാൻ അവൻ ബാധ്യസ്ഥനാണ്. ജീവിതലക്ഷ്യം തിരിച്ചറിഞ്ഞുകൊണ്ട് കൃത്യമായ അടുക്കും ചിട്ടയോടും കൂടി ജീവിക്കുന്ന സത്യവിശ്വാസിയും, താൻ എന്തിന് വേണ്ടി ജീവിക്കുന്നു? എന്താണ് തന്റെ ജീവിതലക്ഷ്യം? എന്നുപോലും ആലോചിക്കുകയോ ലക്ഷ്യം തിരിച്ചറിയുകയോ ചെയ്യാത്ത അവിശ്വാസിയും ഒരിക്കലും സമമാവുകയില്ല. അല്ലാഹു പറയുന്നു:

﴿ إِنَّ ٱللَّهَ يُدْخِلُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ۖ وَٱلَّذِينَ كَفَرُوا۟ يَتَمَتَّعُونَ وَيَأْكُلُونَ كَمَا تَأْكُلُ ٱلْأَنْعَـٰمُ وَٱلنَّارُ مَثْوًى لَّهُمْ ﴾

“വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ താഴ്ഭാഗത്തു കൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അല്ലാഹു പ്രവേശിപ്പിക്കുന്നതാണ്; തീർച്ച. സത്യനിഷേധികളാകട്ടെ (ഇഹലോകത്ത്) സുഖമനുഭവിക്കുകയും നാൽക്കാലികൾ തിന്നുന്നത് പോലെ തിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. നരകമാണ് അവർക്കുള്ള വാസസ്ഥലം.” (47:12)

പരസ്പരം കണ്ടുമുട്ടുമ്പോഴും സംസാരിക്കുമ്പോഴുമൊക്കെ വിശ്വാസികൾ പാലിക്കേണ്ട ഒട്ടനവധി മര്യാദകൾ പരിശുദ്ധ ഖുർആനും നബിﷺയുടെ സുന്നത്തും പഠിപ്പിച്ചു തരുന്നുണ്ട്. മറ്റുള്ളവരെ സന്ദർശിക്കുന്ന സന്ദർഭങ്ങളിലും അവരോടുള്ള പെരുമാറ്റങ്ങളിലുമൊക്കെ വിശ്വാസികൾ ശ്രദ്ധിക്കേണ്ട മര്യാദകളും ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. അനുവാദം ചോദിക്കലും മാന്യമായ സംസാരവും സൗമ്യമായ പെരുമാറ്റവുമാണ് അവയിലെല്ലാം കാണാൻ സാധിക്കുന്നത്. അല്ലാഹു പറയുന്നു:

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ لَا تَدۡخُلُواْ بُيُوتًا غَيۡرَ بُيُوتِكُمۡ حَتَّىٰ تَسۡتَأۡنِسُواْ وَتُسَلِّمُواْ عَلَىٰٓ أَهۡلِهَاۚ ذَٰلِكُمۡ خَيۡرٞ لَّكُمۡ لَعَلَّكُمۡ تَذَكَّرُونَ ﴾

“ഹേ; സത്യവിശ്വാസികളേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കാൻ വേണ്ടിയത്രെ(ഇതു പറയുന്നത്)” (24:27)

മാന്യതയും സൗമ്യതയും ഏതൊന്നിന്റെയും സൗന്ദര്യം വർധിപ്പിക്കുകയേ ചെയ്യുകയുള്ളൂ. നബിﷺ പറയുന്നു:

إِنَّ الرِّفْقَ لَا يَكُونُ فِي شَيْءٍ إِلَّا زَانَهُ وَلَا يُنْزَعُ مِنْ شَيْءٍ إِلَّا شَانَهُ

“ഏതൊരു കാര്യത്തിൽ സൗമ്യതയുണ്ടോ, അത് അതിനെ ഭംഗിയുള്ളതാക്കും. ഏത് കാര്യത്തിൽ അതില്ലാതെയാകുന്നുവോ അത് വികൃതമാവുകയും ചെയ്യും.” (മുസ്‌ലിം, അബൂദാവൂദ്)

ഒരു ഒട്ടകത്തോട് ദേഷ്യം പിടിച്ച് അതിനെ അടിച്ച ആയിശ(റ)യോട് നബി ﷺ ഇപ്രകാരം പറഞ്ഞുവെങ്കിൽ മാന്യവും സൗമ്യവുമായ പെരുമാറ്റത്തിന്റെ വിശാല മേഖലയെ വ്യക്തമാക്കുന്നതാണ് ആ വാക്കുകൾ.

ഈയൊരു ബോധം ഫോൺ ചെയ്യുന്ന ആൾക്കും എടുക്കുന്ന ആൾക്കും ഉണ്ടാകേണ്ടതുണ്ട്. വിളിച്ച ആളെ സംബന്ധിച്ചേടത്തോളം ഫോൺ എടുക്കുന്നയാളെക്കാൾ കുറച്ചുകൂടി ഈ ബോധമുണ്ടാവുകയും മാന്യവും സൗമ്യവുമായ രീതി കൈകൊള്ളാൻ കഴിയുകയും ചെയ്യണം. സ്നേഹവും സാഹോദര്യവും പടുത്തുയർത്താനും നല്ല ബന്ധങ്ങൾ കാത്തുസൂക്ഷിക്കാനും വിശ്വാസ്യതയും നന്മയും വളർത്തിക്കൊണ്ടുവരാനും ഇത്തരം മാന്യമായ സമീപനങ്ങളിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ചിലർ നമ്പർ ഡയൽ ചെയ്ത ശേഷം അപ്പുറത്തുള്ളയാൾ ഫോണെടുത്താലും ഒന്നും മിണ്ടാതെ നിൽക്കുകയും ‘ഹലോ’ പറയുമ്പോഴേക്കും റസീവർ വെച്ചു കളയുകയും ചെയ്യാറുണ്ട്. താൻ ഉദ്ദേശിച്ച ആളല്ല ഫോൺ എടുത്തതെങ്കിൽ പോലും ഈ രീതി മാന്യമല്ല. മാന്യന്മാർക്ക് ചേർന്നതോ മര്യാദക്കാർ ഇഷ്ടപ്പെടുന്നതോ ആയ ഒരു നല്ല സമീപനമല്ല അത്. ഫോൺ ചെയ്യുമ്പോൾ നാം ശ്രദ്ധിക്കേണ്ട ചില

കാര്യങ്ങളുണ്ട്. അവ കണിശമായി നമുക്ക് പാലിക്കാൻ സാധിച്ചാൽ കുറയൊക്കെ പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും.

**1. ഡയൽ ചെയ്യുന്ന നമ്പർ ശരിയാണോ എന്ന് ഉറപ്പു വരുത്തുക**

അശ്രദ്ധമായി നമ്പർ ഡയൽ ചെയ്യുന്നതിലൂടെ സമയവും പൈസയും നഷ്ടപ്പെടുന്നതോടൊപ്പം മറ്റുള്ളവരെ ബുദ്ധിമുട്ടിക്കലുമാണ്. ഉറങ്ങുന്നവരെ വിളിച്ചുണർത്തലും രോഗികളെ ശല്യപ്പെടുത്തലുമൊക്കെ അതിലൂടെ സംഭവിച്ചേക്കാം. അതിനാൽ ശ്രദ്ധയോടെ മാത്രം നമ്പർ ഡയൽ ചെയ്യുക. ആവശ്യമെങ്കിൽ ഒരു കടലാസിൽ നമ്പർ കുറിച്ച് വെച്ച ശേഷം അതിൽ നോക്കി ഡയൽ ചെയ്യുക. ഓർമയിൽ നിന്നുള്ളതാണെങ്കിലും ഉദ്ദേശിച്ച നമ്പർ തന്നെയാണോ ഡയൽ ചെയ്തതെന്ന് ഉറപ്പ് വരുത്തണം.

അഥവാ വല്ല വിധത്തിലും അബദ്ധം പറ്റിയാൽ മാന്യമായ രീതിയിൽ ക്ഷമാപണം നടത്തണം. ചിലപ്പോൾ നെറ്റുവർക്കിലോ അല്ലെങ്കിൽ ഫോണിനോ ഉള്ള തകരാറുകൾ കൊണ്ടും ഡയൽ ചെയ്ത നമ്പറിലേക്കല്ലാതെ കോൾ മാറിപ്പോയേക്കാം. റോംഗ് കോളുകൾ വന്നാൽ അത് സ്വീകരിക്കുന്ന വ്യക്തിക്കും വികാരവിക്ഷോഭങ്ങൾക്കടിമപ്പെടാതെ അബദ്ധങ്ങൾ പൊറുക്കാനും മാപ്പാക്കാനും കഴിയണം. അബദ്ധം ആർക്കും പറ്റാം. അപ്പോൾ നല്ല രീതിയിൽ പ്രതികരിക്കാൻ കഴിയുന്നവനാണ് മാന്യൻ. മറ്റുള്ളവർ നമ്മോട് എങ്ങനെ പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നുവോ അപ്രകാരം മറ്റുള്ളവരോടും പെരുമാറാൻ നമുക്ക് സാധിക്കണം.

നബിﷺ പറയുന്നു:

لَا يُؤْمِنُ أَحَدُكُمْ حَتَّى يُحِبَّ لِأَخِيهِ مَا يُحِبُّ لِنَفْسِهِ

“തനിക്ക് ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ട പ്പെടുന്നതുവരെ നിങ്ങളിലൊരാളും യഥാർഥ വിശ്വാസി യാവുകയില്ല.”(ബുഖാരി, മുസ്‌ലിം)

لَيْسَ الْمُؤْمِنُ بِالطَّعَّانِ وَلَا اللَّعَّانِ وَلَا الْفَاحِشِ وَلَا الْبَذِيءِ

“മറ്റുള്ളവരെ ആക്ഷേപിക്കുന്നവനോ, ശാപവാക്കുകൾ പറയുന്നവനോ അല്ല യഥാർഥ വിശ്വാസി”(അഹ്മദ്, തിർമിദി)

മനഃപൂർവം ചെയ്തതാണെങ്കിൽ പോലും മാന്യമായ സമീപനം സ്വീകരിക്കുന്നതിലൂടെ നിങ്ങൾക്ക് ഒന്നും നഷ്ട പ്പെടാനില്ല. മാന്യത കൈകൊണ്ടതിന് നിങ്ങൾക്ക് അല്ലാ ഹുവിന്റെ പ്രതിഫലവും ഒരാളെ ബോധപൂർവം ശല്യം ചെയ്തതിന് മറ്റെയാൾക്ക് ശിക്ഷയും ലഭിക്കും. ചെറുതും വലുതുമായ ഒന്നും അല്ലാഹുവിന്റെ കണക്കിൽ നിന്ന് വിട്ടു പോകുന്നില്ല.

﴿وَمَا تَكُونُ فِي شَأْنٍ وَمَا تَتْلُوا۟ مِنْهُ مِن قُرْءَانٍ وَلَا تَعْمَلُونَ مِنْ عَمَلٍ إِلَّا كُنَّا عَلَيْكُمْ شُهُودًا إِذْ تُفِيضُونَ فِيهِ ۚ وَمَا يَعْزُبُ عَن رَّبِّكَ مِن مِّثْقَالِ ذَرَّةٍ فِي ٱلْأَرْضِ وَلَا فِي ٱلسَّمَآءِ وَلَآ أَصْغَرَ مِن ذَٰلِكَ وَلَآ أَكْبَرَ إِلَّا فِي كِتَٰبٍ مُّبِينٍ﴾

“ഭൂമിയിലോ ആകാശത്തോ ഉള്ള ഒരു അണുവോ ളമുള്ള യാതൊന്നും നിന്റെ രക്ഷിതാവി(ന്റെ ശ്രദ്ധയി)ൽ നിന്ന് വിട്ടുപോകുകയില്ല. അതിനെക്കാൾ ചെറുതോ

വലുതോ ആയിട്ടുള്ള യാതൊന്നും സ്പഷ്ടമായ ഒരു രേഖയിൽ ഉൾപ്പെടാത്തതായി ഇല്ല."(10:61)

﴿ فَمَن يَعْمَلْ مِثْقَالَ ذَرَّةٍ خَيْرًا يَرَهُۥ ۝٧ وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُۥ ﴾

"അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നൻമ ചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിൻമ ചെയ്തിരുന്നുവോ അവൻ അതും കാണും"(99:7,8)

**2. സമയം പരിഗണിക്കുക**

നിങ്ങളുടെ ആവശ്യങ്ങൾ പോലെ നിങ്ങൾ വിളിക്കുന്ന ആളുകളുടേയും ജോലികളും അവസ്ഥകളും കണ്ടറിയണം. ഭക്ഷണം, നമസ്കാരം, ഉറക്കം തുടങ്ങി പലതരം ആവശ്യങ്ങളുള്ളവരാണ് അവരും എന്നതിനാൽ നിങ്ങളുടെ കോൾ മറ്റൊരാൾക്ക് ശല്യവും പ്രയാസവുമാകാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുക. സന്ദർശകരെ സ്വീകരിക്കാൻ സാധിക്കാത്ത സന്ദർഭങ്ങളിൽ മാന്യമായി ഒഴിവു പറയാൻ ഇസ്‌ലാം അനുവദിച്ചിട്ടുണ്ട് എന്നതോർക്കുക.

﴿ فَإِن لَّمْ تَجِدُوا۟ فِيهَآ أَحَدًا فَلَا تَدْخُلُوهَا حَتَّىٰ يُؤْذَنَ لَكُمْ ۖ وَإِن قِيلَ لَكُمُ ٱرْجِعُوا۟ فَٱرْجِعُوا۟ ۖ هُوَ أَزْكَىٰ لَكُمْ ۚ وَٱللَّهُ بِمَا تَعْمَلُونَ عَلِيمٌ ﴾

"ഇനി നിങ്ങൾ അവിടെ ആരെയും കണ്ടെത്തിയില്ലെങ്കിൽ നിങ്ങൾക്ക് സമ്മതം കിട്ടുന്നത് വരെ നിങ്ങൾ അവി

ടെ കടക്കരുത്. നിങ്ങൾ തിരിച്ചുപോകൂ എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ തിരിച്ചുപോകണം. അതാണ് നിങ്ങൾക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിവുള്ളവനാകുന്നു."(24:28)

രാത്രി 12 മണിക്കും 1 മണിക്കുമൊക്കെ മറ്റുള്ളവരെ ഉറക്കിൽ നിന്ന് വിളിച്ചുണർത്തി ശല്യം ചെയ്ത് നിങ്ങളുടെ ആവശ്യങ്ങൾ നേടുന്നത് ശരിയായ രീതിയല്ല. മറ്റു സമയങ്ങളിലതാവാമെന്നിരിക്കെ അവരെ ശല്യം ചെയ്യുന്ന രീതി എന്തുമാത്രം ക്രൂരമാണ്. ഒരു മുസ്‌ലിമിന് ചേർന്നതല്ല അത്. പക്ഷെ, ചിലർക്ക് അതൊക്കെ ഒരു 'ഹോബി' യാണ്. അത്തരം ക്രൂരവിനോദങ്ങൾ ഇസ്‌ലാം അനുവദിക്കുന്നില്ല. നിങ്ങളുടെ അത്തരമൊരു കോൾ കാരണം ഉറക്കം നഷ്ടപ്പെട്ട് ആ സഹോദരൻ മനം നൊന്ത് നിങ്ങൾക്കെതിരിലൊന്ന് പ്രാർഥിച്ചാൽ അത് ഗുരുതമായിരിക്കുമെന്ന് ഓർക്കുക. നബിﷺ പറഞ്ഞു. "മർദിതന്റെ പ്രാർഥനയെ നിങ്ങൾ സൂക്ഷിക്കണം, അതിന്റെയും അല്ലാഹുവിന്റെയുമിടയിൽ മറയില്ല."(ബുഖാരി, മുസ്‌ലിം) അതായത്, അത് എളുപ്പത്തിൽ ഉത്തരം ചെയ്യുന്നതാണ്.

കുട്ടികളും വേലക്കാരുമടക്കം വീട്ടിൽ സദാസമയം ഉണ്ടാകുന്ന ആളുകൾ പോലും മറ്റുള്ളവരുടെ സ്വകാര്യത നഷ്ടപ്പെടുന്ന വിധത്തിൽ പെരുമാറുന്നത് ഇസ്‌ലാം അനുവദിക്കുന്നില്ല. അല്ലാഹു പറയുന്നു:

﴿ يَا أَيُّهَا الَّذِينَ آمَنُوا لِيَسْتَأْذِنكُمُ الَّذِينَ مَلَكَتْ
أَيْمَانُكُمْ وَالَّذِينَ لَمْ يَبْلُغُوا الْحُلُمَ مِنكُمْ ثَلَاثَ مَرَّاتٍ ۚ مِّن
قَبْلِ صَلَاةِ الْفَجْرِ وَحِينَ تَضَعُونَ ثِيَابَكُم مِّنَ الظَّهِيرَةِ
وَمِن بَعْدِ صَلَاةِ الْعِشَاءِ ۚ ثَلَاثُ عَوْرَاتٍ لَّكُمْ ۚ لَيْسَ
عَلَيْكُمْ وَلَا عَلَيْهِمْ جُنَاحٌ بَعْدَهُنَّ ۚ طَوَّافُونَ عَلَيْكُم
بَعْضُكُمْ عَلَىٰ بَعْضٍ ۚ كَذَٰلِكَ يُبَيِّنُ اللَّهُ لَكُمُ الْآيَاتِ ۗ وَاللَّهُ
عَلِيمٌ حَكِيمٌ ﴿٥٨﴾ وَإِذَا بَلَغَ الْأَطْفَالُ مِنكُمُ الْحُلُمَ
فَلْيَسْتَأْذِنُوا كَمَا اسْتَأْذَنَ الَّذِينَ مِن قَبْلِهِمْ ۚ
كَذَٰلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ ۗ وَاللَّهُ عَلِيمٌ حَكِيمٌ ﴾

“സത്യവിശ്വാസികളേ, നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയവ(അടിമകൾ)രും, നിങ്ങളിൽ പ്രായ പൂർത്തി എത്തിയിട്ടില്ലാത്തവരും മൂന്ന് സന്ദർഭങ്ങളിൽ നിങ്ങളോട് (പ്രവേശനത്തിന്) അനുവാദം തേടിക്കൊള്ളട്ടെ. പ്രഭാതനമസ്കാരത്തിനു മുമ്പും, ഉച്ചസമയത്ത് (ഉറങ്ങുവാൻ) നിങ്ങളുടെ വസ്ത്രങ്ങൾ മാറ്റിവെക്കുന്ന സമയത്തും, ഇശാ നമസ്കാരത്തിന് ശേഷവും. നിങ്ങളുടെ മൂന്ന് സ്വകാര്യ സന്ദർഭങ്ങളത്രെ ഇത്. ഈ സന്ദർഭങ്ങൾക്ക് ശേഷം നിങ്ങൾക്കോ അവർക്കോ (കൂടിക്കലർന്ന് ജീവിക്കുന്നതിന്) യാതൊരു കുറ്റവുമില്ല. അവർ നിങ്ങളുടെ അടുത്ത് ചുറ്റി നടക്കുന്നവരത്രെ. നിങ്ങൾ അന്യോന്യം ഇടകലർന്ന് വർത്തിക്കുന്നു. അപ്രകാരം അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചുതരുന്നു. അല്ലാഹു സർവ്വ

ജ്ഞനും യുക്തിമാനുമാകുന്നു. നിങ്ങളിൽ നിന്നുള്ള കുട്ടികൾ പ്രായപൂർത്തിയെത്തിയാൽ അവരും അവർക്ക് മുമ്പുള്ളവർ സമ്മതം ചോദിച്ചത് പോലെത്തന്നെ സമ്മതം ചോദിക്കേണ്ടതാണ്. അപ്രകാരം അല്ലാഹു നിങ്ങൾക്ക് അവന്റെ തെളിവുകൾ വിവരിച്ചുതരുന്നു. അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാകുന്നു"(24:58-59)

സ്വന്തം വീട്ടിലേക്കും ഭാര്യമാരുടെ അടുത്തേക്കു തന്നെയും മുന്നറിയിപ്പില്ലാതെ അസമയത്ത് ചെന്ന് വിളിച്ചുണർത്തുന്നത് ശരിയല്ലെന്നാണ് ഇസ്‌ലാം പഠിപ്പിച്ചിരിക്കുന്നത്.

ജാബിർﷺ പറയുന്നു:

نَهَى رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنْ يَطْرُقَ الرَّجُلُ أَهْلَهُ لَيْلًا

"രാത്രിയിൽ ചെന്ന് തന്റെ വീട്ടുകാരെ വിളിച്ചുണർത്തുന്നത് നബിﷺവിലക്കിയിരിക്കുന്നു." (ബുഖാരി, മുസ്‌ലിം)

ചുരുക്കത്തിൽ മാന്യമായ പെരുമാറ്റമാണ് വിശ്വാസിക്കുണ്ടായിരിക്കേണ്ടത്. ഉചിതമായ സമയവും സന്ദർഭവും നോക്കിയിട്ടായിരിക്കണം മറ്റുള്ളവരോട് സംസാരിക്കേണ്ടത്. പിന്നീട് വിളിക്കാൻ പറഞ്ഞുകൊണ്ട് തിരക്കും അസൗകര്യവും അറിയിച്ചാൽ അതിൽ യാതൊരു വിഷമവും തോന്നാതെ അയാളുടെ അസൗകര്യങ്ങൾ പരിഗണിക്കാനുള്ള ഹൃദയവിശാലത സത്യവിശ്വാസിക്കുണ്ടാകേണ്ടതുണ്ട്. "നിങ്ങൾ തിരിച്ചു പോകൂ" എന്ന് പറയപ്പെട്ടാൽ നിങ്ങൾ തിരിച്ചുപോകണം അതാണ് നിങ്ങൾക്കേറെ പരിശുദ്ധമായിട്ടുള്ളത്.(24:28) എന്ന ഖുർആനികാധ്യാപനം വിശ്വാസികൾ മറക്കാതിരിക്കുക.

ചിലപ്പോൾ 'ഒരു നിമിഷം കാത്തു നിൽക്കൂ' എന്നാവശ്യപ്പെട്ടാൽ കാത്തു നിൽക്കാൻ സാധിക്കണം. അല്ലെങ്കിൽ

പിന്നീട് വിളിക്കാമെന്ന് പറഞ്ഞ് മാന്യമായി പിരിയുകയാണ് വേണ്ടത്. അതോടൊപ്പം തന്നെ 'ഒരു നിമിഷം' എന്ന് പറഞ്ഞ് ലൈനിൽ നിർത്തിയ ആളെ ശ്രദ്ധിക്കാതെ മറ്റു ജോലികളിൽ ഏർപ്പെടുന്ന രീതിയും ശരിയല്ല. വാക്കു പാലിക്കാനും വിശ്വാസ വഞ്ചന നടത്താതിരിക്കാനും സത്യവിശ്വാസി ബാധ്യസ്ഥനാണ്.

നബിﷺ പറയുന്നു:

آيَةُ الْمُنَافِقِ ثَلَاثٌ إِذَا حَدَّثَ كَذَبَ وَإِذَا وَعَدَ أَخْلَفَ وَإِذَا اؤْتُمِنَ خَانَ

"കപടവിശ്വാസിയുടെ(മുനാഫിഖിന്റെ) ലക്ഷണങ്ങൾ മൂന്നെണ്ണമാണ്. സംസാരിച്ചാൽ കളവ് പറയും, വാക്കുകൾ പറഞ്ഞാൽ ലംഘിക്കും, വിശ്വസിച്ചാൽ ചതിക്കും." (ബുഖാരി, മുസ്‌ലിം)

എന്നാൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹോട്ടൽ, ലോഡ്ജ്, ഹോസ്പിറ്റൽ മുതലായ സ്ഥാപനങ്ങളിൽ ഇത്തരം കാര്യങ്ങൾക്ക് പ്രത്യേകം സംവിധാനമുള്ളതിനാൽ അതൊരു ശല്യമാവുകയില്ല എന്നതുകൊണ്ട് തന്നെ 'അസമയം' എന്ന പ്രശ്നം അവിടെ വരുന്നില്ല. സ്വകാര്യത നഷ്ടപ്പെടുത്തലോ ശല്യം ചെയ്യലോ ഇല്ലാത്ത സ്ഥലങ്ങളിൽ കടന്നു ചെല്ലുവാൻ പ്രത്യേക നിബന്ധനകളൊന്നും വെക്കാതെ തന്നെ ഇസ്‌ലാം അനുവദിക്കുന്നുവെന്നത് ഖുർആനിക വചനത്തിൽ നിന്നും വ്യക്തമാണ്.

﴿لَّيْسَ عَلَيْكُمْ جُنَاحٌ أَن تَدْخُلُوا۟ بُيُوتًا غَيْرَ مَسْكُونَةٍ فِيهَا
مَتَٰعٌ لَّكُمْ ۚ وَٱللَّهُ يَعْلَمُ مَا تُبْدُونَ وَمَا تَكْتُمُونَ﴾

"ആൾപാർപ്പില്ലാത്തതും, നിങ്ങൾക്ക് എന്തെങ്കിലും ഉപയോഗമുള്ളതുമായ ഭവനങ്ങളിൽ നിങ്ങൾ പ്രവേശിക്കു

ന്നതിന് നിങ്ങൾക്ക് കുറ്റമില്ല. നിങ്ങൾ വെളിപ്പെടുത്തുന്നതും ഒളിച്ചുവെക്കുന്നതും അല്ലാഹു അറിയുന്നു."(24:29) അത്യാഹിതങ്ങൾ വല്ലതും സംഭവിക്കുകയോ മരണം, അപകടം പോലുള്ള സാഹചര്യങ്ങൾ അറിയിക്കേണ്ടി വരികയോ ചെയ്യുമ്പോൾ ഏത് പൊതുനിയമത്തിനും ചില ഒഴിവുകൾ ഉണ്ടാകുമെന്ന വസ്തുത മനസ്സിലാക്കി സന്ദർഭത്തിനനുസരിച്ച് ഉചിതമായി പ്രവർത്തിക്കുകയാണ് വേണ്ടത്.

### 3. റിംഗിങ്ങും റിംഗ്ടോണും

ബെല്ലടിച്ചിട്ടും എടുക്കാത്ത അവസ്ഥയിൽ വീണ്ടും വീണ്ടും തുടർച്ചയായി അടിക്കുന്നതിന് മുമ്പ് ആലോചിക്കുക. ഒരു പക്ഷെ, അയാൾ മൊബൈൽ ഫോൺ മറന്നു വെച്ചിരിക്കാം. അല്ലെങ്കിൽ 'സൈലന്റി'ലായിരിക്കാം; അതുമല്ലെങ്കിൽ പ്രതികരിക്കാൻ കഴിയാത്ത സാഹചര്യത്തിലായിരിക്കാം. ആയതിനാൽ അമിതമായി ബെല്ലടിപ്പിച്ച് സ്വയം അക്ഷമനാവുകയും മറ്റുള്ളവർക്ക് ശല്യമായിത്തീരുകയും ചെയ്യുന്നതിനും പകരം ആലോചിക്കുക. മാന്യവും മിതവുമായ രീതിയിൽ "റിംഗ്" ചെയ്ത ശേഷം മറ്റൊരു സമയത്ത് വീണ്ടും വിളിക്കാൻ ശ്രമിക്കുക. ചിലർ ഇത്തരം ശല്യം സഹിയ്ക്കവയ്യാതെ റസീവർ മാറ്റിവെക്കാറുണ്ട്. അത് ശരിയായ നടപടിയല്ലെങ്കിലും നാം അത്തരം പ്രവൃത്തികൾക്ക് നിമിത്തമാവാതിരിക്കാനും ശ്രദ്ധിക്കണം. മറ്റൊരാളുടെ വീട്ടിൽ പ്രവേശിക്കുന്നതിന് മുമ്പ് അനുവാദം ചോദിക്കണമെന്ന് പഠിപ്പിച്ച മുഹമ്മദ് നബി ﷺ

الِاسْتِئْذَانُ ثَلَاثٌ فَإِنْ أُذِنَ لَكَ وَإِلَّا فَارْجِعْ

“അനുവാദം ചോദിക്കൽ മൂന്ന് തവണയാണ്, എന്നിട്ടും അനുവാദം കിട്ടിയില്ലെങ്കിൽ തിരിച്ചുപോകണം”(ബുഖാരി, മുസ്‌ലിം) എന്നും ഉണർത്തിയിട്ടുണ്ട്.

സ്വഹാബികൾ നബിﷺയെ വാതിലിൽ മുട്ടിവിളിച്ചിരുന്നു. പക്ഷെ, വളരെ മാന്യമായിട്ടായിരുന്നു അത്. അടിച്ചു തകർക്കുന്ന രീതിയിലല്ല; മറിച്ച് അവരുടെ നഖം കൊണ്ടായിരുന്നത്രെ അവർ വാതിലിൽ മുട്ടിയിരുന്നത്.

ഇമാം അഹ്മദ്ബ്നു ഹമ്പൽﷺന്റെ അടുക്കൽ ചെന്ന് ശക്തമായി വാതിലിൽ മുട്ടി വിളിച്ച ആളെ അദ്ദേഹം തിരുത്തിയ സംഭവമുണ്ട്. പോലീസുകാർ അറസ്റ്റ് വാറണ്ടുമായി മുട്ടുന്നതുപോലുള്ള രീതി മാന്യമല്ല എന്നാണ് അദ്ദേഹം ഉപദേശിച്ചത്. അത് ഫോണിംഗിന്റെ കാര്യത്തിലും ശ്രദ്ധിക്കാൻ നമുക്ക് സാധിക്കണം.

അപ്രകാരം തന്നെ ‘മിസ്ഡ്’ കോളുകൾ കണ്ടാൽ തിരിച്ചു വിളിക്കുകയോ ചുരുങ്ങിയത് ആ നമ്പറിലേക്ക് ഒരു ‘മിസ്’ കോളെങ്കിലും അടിക്കുകയോ ചെയ്യുന്നത് നന്നായിരിക്കും. അപ്പോൾ ആവശ്യമെങ്കിൽ അയാൾക്ക് തിരിച്ചു വിളിക്കാമല്ലോ. മൊബൈൽ ഫോണിൽ സെലക്ടു ചെയ്യുന്ന ആഭാസകരമായ ചില റിംഗ് ടോണുകൾ മാന്യന്മാർക്ക് ചേർന്നതല്ലെന്ന് മനസ്സിലാക്കുക. സംഗീതവും പാട്ടുകച്ചേരിയുമൊക്കെയാണ് ചിലർ തെരഞ്ഞെടുക്കുന്നതെങ്കിൽ മറ്റു ചിലർക്ക് പൊട്ടിച്ചിരിയും ആർത്ത് അട്ടഹസിക്കലുമാണ് പ്രിയം. വേറെ ചിലർക്ക് മറ്റുള്ളവരെ പേടിപ്പിക്കുന്ന ഒച്ചയും ബഹളവുമാണ് ഇഷ്ടം. ഇതൊന്നും ഒരു വിശ്വാസി തെരഞ്ഞെടുക്കേണ്ടവയല്ല. ചിലർ മൊബൈൽ ഫോൺ സ്വിച്ച് ഓഫാക്കുകയോ സൈലന്റിലാക്കുകയോ പോലും ചെയ്യാതെ പള്ളിയിൽ നമസ്കരി

ക്കാൻ നിൽക്കുന്നതാണ് അതിനേക്കാൾ കഷ്ടം. എന്നിട്ട് പിശാചിന്റെ അട്ടഹാസങ്ങളും ശബ്ദകോലാഹലങ്ങളും കൊണ്ട് അല്ലാഹുവിന്റെ ഭവനത്തിൽ അവനെ ആരാധിക്കാൻ ഒരുമിച്ചു കൂടിയ മറ്റു വിശ്വാസികളെ ശല്യപ്പെടുത്തുകയും ആരാധനാകർമങ്ങളെ കുഴപ്പത്തിലാക്കുകയും ചെയ്യുന്നത് ഒരു തരത്തിലും ന്യായീകരിക്കാനാവുന്നതല്ല. നന്നേ ചുരുങ്ങിയത് റിംഗ് ചെയ്യുമ്പോൾ ഫോണെടുത്ത് ഓഫാക്കാനെങ്കിലും തയ്യാറാകണം. നമസ്കരിച്ചുകൊണ്ടിരിക്കുകയാണെങ്കിലും അതുകൊണ്ട് നമസ്കാരത്തിന് ഒന്നും സംഭവിക്കുകയില്ല. മറിച്ച്; ഓഫാക്കാതിരുന്നാലാണ് നമസ്കാരത്തിൽ നിന്ന് സ്വയം അശ്രദ്ധനാകുകയും മറ്റുള്ളവരെ അശ്രദ്ധരാക്കുകയും സംഭവിക്കുക. അല്ലാഹുവിന്റെ ഭവനത്തിൽ അല്ലാഹുവിന് ഇഷ്ടമില്ലാത്ത ശബ്ദങ്ങളുമായി അവന്റെ ദാസൻമാരെ ശല്യപ്പെടുത്തൽ അല്ലാഹുവിനേതായാലും ഇഷ്ടമാവുകയില്ല എന്ന് ഓർക്കുക. അല്ലാഹുവിന്റെ അനിഷ്ടങ്ങൾക്കും ശാപകോപങ്ങൾക്കും നിമിത്തമാകുന്ന കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ ഒരു സത്യവിശ്വാസി പരമാവധി ശ്രമിക്കേണ്ടതുണ്ട്.

## 4. സംസാരരീതി

സലാം പറഞ്ഞുകൊണ്ടായിരിക്കണം സംസാരം തുടങ്ങേണ്ടത്, ‘അസ്സലാമു അലൈക്കും’ (താങ്കൾക്ക് അല്ലാഹുവിന്റെ രക്ഷയുണ്ടാകട്ടെ!) എന്ന ഇസ്‌ലാമിക അഭിവാദന രീതി മാന്യവും മാതൃകാപരവുമാണ്. ശത്രുക്കൾ അസൂയപ്പെട്ടു പോകുന്ന തരത്തിലുള്ള ഇസ്‌ലാമിന്റെ ഒരു ചിഹ്നമാണത്. സ്നേഹവും സാഹോദര്യവും ഊട്ടിയുറപ്പിക്കാനും വിശ്വാസ ദൃഢീകരണത്തിനും ‘സലാം’ സഹായകമാണെ

ന്നാണ് നബിﷺ ഉണർത്തിയത്. അവിടുന്ന് പറഞ്ഞു.

لَا تَدْخُلُونَ الْجَنَّةَ حَتَّى تُؤْمِنُوا وَلَا تُؤْمِنُوا حَتَّى تَحَابُّوا أَوَلَا أَدُلُّكُمْ عَلَى شَيْءٍ إِذَا فَعَلْتُمُوهُ تَحَابَبْتُمْ أَفْشُوا السَّلَامَ بَيْنَكُمْ

"വിശ്വാസികളാവാതെ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം സ്നേഹിക്കുന്നതു വരെ നിങ്ങൾ വിശ്വാസികളാവുകയുമില്ല. പരസ്പരം സ്നേഹമുണ്ടാക്കുന്നതും (അതുവഴി വിശ്വാസദൃഢീകരണത്തിനും സ്വർഗ പ്രവേശനത്തിനും സാധ്യമാക്കുന്ന) ഒരു സംഗതി ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ?" സ്വഹാബികൾ പറഞ്ഞു. "അറിയിച്ചു തന്നാലും" നബിﷺ പ്രതിവചിച്ചു: "നിങ്ങൾക്കിടയിൽ 'സലാം' (രക്ഷയുടെ അഭിവാദ്യം) വ്യാപിപ്പിക്കുക" (മുസ്‌ലിം, അബൂദാവൂദ്)

ഒരിക്കൽ നബിﷺയുടെ വാതിൽക്കൽ വന്നുകൊണ്ട് ഒരാൾ ചോദിച്ചു. ഞാൻ കടന്നുവരട്ടെയോ? അപ്പോൾ നബിﷺ പ്രവേശനാനുമതി നൽകുന്നതിന് മുമ്പ് അനുവാദം ചോദിക്കേണ്ടതെങ്ങനെയെന്ന് പഠിപ്പിച്ചത് ഇപ്രകാരമാണ്.

"അസ്സലാമു അലൈക്കും (അല്ലാഹുവിന്റെ രക്ഷ നിങ്ങൾക്കുണ്ടാവട്ടെ!) എന്നുപറയുക. ശേഷം പ്രവേശനാനുമതി തേടുക" അങ്ങനെ ചെയ്തപ്പോൾ നബിﷺ അദ്ദേഹത്തിന് പ്രവേശനാനുമതി നൽകി. (അബൂദാവൂദ്) ഫോണിംഗിന്റെ കാര്യത്തിലും ഈ ഇസ്‌ലാമിക മര്യാദ പാലിക്കേണ്ടതുണ്ട്.

പക്ഷെ, ആധുനികതയുടെ പേരിൽ മറ്റുപല സംസ്കാരങ്ങളും അനുകരിച്ചുകൊണ്ട് പലരും 'ഗുഡ്മോണിംഗും' 'ഗുഡ് ഈവനിംഗു'മൊക്കെയാണ് അഭിവാദനങ്ങളായി പറയാറുള്ളത്. അനിസ്‌ലാമിക രീതി എന്നതോടൊപ്പം പലപ്പോഴും അത് അരോചകവും അനവസരത്തിലുള്ളതും

ആയിപ്പോകാറുണ്ട്. സങ്കടത്തിലും പ്രയാസത്തിലും ഇത്തരം അഭിവാദനങ്ങൾ അർപ്പിക്കുമ്പോഴുണ്ടാകുന്ന അനൗചിത്യം ഒന്ന് ആലോചിച്ചു നോക്കൂ. എന്നാൽ സന്തോഷത്തിലും സന്താപത്തിലുമെന്നല്ല ഏത് അവസരത്തിലും ഒരുപോലെ പ്രായോഗികവും അനുയോജ്യവുമാണ് ഇസ്‌ലാമിക അഭിവാദ്യവചനം. "താങ്കൾക്ക് അല്ലാഹുവിൽ നിന്നുള്ള രക്ഷയും സമാധാനവും ഉണ്ടാവട്ടെ!" എന്ന് ആശംസിക്കുമ്പോൾ പ്രത്യഭിവാദനമായി നിങ്ങൾക്കും അല്ലാഹുവിൽ നിന്നുള്ള രക്ഷയും കാരുണ്യവും ഉണ്ടാവട്ടെ, (വ അലൈക്കുമുസ്സലാം വറഹ്മത്തുള്ളാഹി വബറക്കാത്തുഹു) എന്നു പറയുന്നത് എന്തു മാത്രം ആശ്വാസവും മനസ്സിന് ആനന്ദം നൽകുന്നതുമായിരിക്കും. ഈ വാകൃങ്ങൾ മനസ്സറിഞ്ഞ് ആശയം ഗ്രഹിച്ച് ആത്മാർഥമായി പറയുന്ന വ്യക്തികൾക്കിടയിൽ അസൂയയും ശത്രുതയുമല്ല, സ്നേഹവും സാഹോദര്യവുമായിരിക്കും ഉണ്ടാവുക. മനുഷ്യ നിർമിത ആശയവും സ്രഷ്ടാവായ ദൈവത്തിന്റെ മാർഗദർശനവും തമ്മിലുള്ള വ്യത്യാസം ഗ്രഹിക്കാൻ സഹായകമായതാണ് ഈ ഒരൊറ്റ സംഗതി തന്നെ.

ഇതിന്റെ മഹത്വവും നന്മയും അറിയാത്തതുകൊണ്ടാകാം സലാം പറയാനും സലാം മടക്കാനുമൊക്കെ ചിലർക്ക് വല്ലാത്ത ഒരു മടി. അങ്ങോട്ട് സലാം പറഞ്ഞാൽ തന്നെയും എന്തോ അപരിചിതത്വം പോലെ 'ങ്ഹേ, എന്താ?' എന്നൊക്കെപ്പറഞ്ഞ് നന്മകൾ നഷ്ടപ്പെടുത്തുന്ന ഹതഭാഗ്യരും വിരളമല്ല. അപ്പുറത്തു ഫോൺ എടുക്കുന്ന ആൾ സംസാരിച്ചു തുടങ്ങട്ടെ, എന്ന് കാത്തു നിൽക്കുന്ന രീതിയല്ല ഉചിതമായിട്ടുള്ളത്. അവിടെ ഫോൺ അറ്റന്റ് ചെയ്തിട്ടുണ്ടെന്ന് ബോധ്യമായാൽ വിളിച്ചയാൾ തന്നെ

സലാം പറഞ്ഞ് സംസാരം തുടങ്ങുക. സലാം പറയലും അനുവാദം ചോദിക്കലുമൊക്കെ ആഗതന്റെ കടമയും മര്യാദയുമായിട്ടാണ് നബിﷺ പഠിപ്പിച്ചത്. വിളിച്ച ആളെന്ന നിലക്കും പറയാനുള്ള കാര്യങ്ങൾ പറയേണ്ടതും സംസാരിച്ച് തുടങ്ങേണ്ടതും അയാൾ തന്നെയാണല്ലോ. മറുവശത്ത് ഫോണെടുക്കുന്ന ആളുടെ ശബ്ദം കേട്ടിട്ട് ഉദ്ദേശിച്ച ആളാണെങ്കിൽ മാത്രം സംസാരിക്കുകയും അല്ലെങ്കിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ പെട്ടെന്ന് കോൾ കട്ടു ചെയ്യുന്ന രീതിയും മാന്യമല്ല. മാത്രമല്ല; പല തെറ്റുദ്ധാരണകൾക്കും ഊഹാപോഹങ്ങൾക്കും അത് വഴിവെക്കും. പിശാചിന് കടന്നുവരാനും കുഴപ്പങ്ങൾ സൃഷ്ടിക്കാനുമായി അത്തരം വഴികൾ തുറന്നുവെക്കാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. താൻ ഉദ്ദേശിച്ച ആൾ അവിടെയുണ്ടോ എന്ന കേവല പരിശോധനക്കായി മാത്രം കോൾ ചെയ്തിട്ട് ശബ്ദം കേട്ടിട്ടോ മറ്റോ ആളവിടെയുണ്ടെന്ന് മനസ്സിലാക്കി ഉടനെ റസീവർ വെക്കുന്ന രീതിയും മാന്യമല്ല. പരമാവധി സുതാര്യവും വ്യക്തവും മാന്യവുമായിരിക്കണം പരസ്പരമുള്ള സംസാരങ്ങളും ഇടപാടുകളും.

### 5. പരിചയപ്പെടുത്തൽ

ആരാണ് സംസാരിക്കുന്നതെന്ന് സ്വയം പരിചയപ്പെടുത്തൽ നല്ലതാണ്. അത് മാന്യവും വ്യക്തവുമായിരിക്കണം. ചിലരോട് 'ആരാണ് സംസാരിക്കുന്നത്?' എന്ന് അങ്ങോട്ട് ചോദിച്ചാൽ തന്നെ പരിചയപ്പെടുത്തുകയില്ല. ചിലപ്പോഴുള്ള മറുപടി 'ഞാനാണ്' എന്ന അർഥ ശൂന്യമായ ഒന്നായിരിക്കും. അതുമല്ലെങ്കിൽ കൃത്യവും വ്യക്തവുമല്ലാത്ത മറ്റു വല്ല മറുപടിയും പറയും. സാറാണ്, മൗല

വിയാണ്, സ്നേഹിതനാണ് തുടങ്ങി കൃത്യവും വ്യക്ത വുമല്ലാത്ത മറുപടികൾ നൽകുമ്പോൾ ഉത്തരം പൂർണമാകുന്നില്ലെന്ന് മാത്രമല്ല ആളെ മാറി സംസാരിക്കുന്നതിലൂടെ അപ്രതീക്ഷിതമായ പലതും കേൾക്കേണ്ടി വരികയും ചെയ്യും. അങ്ങനെ പലരും ഇളിഭ്യരായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനാൽ മാന്യവും വ്യക്തവുമായ രീതിയിൽ പരിചയപ്പെടുത്തുക.

اسْتَأْذَنْتُ عَلَى النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ مَنْ هَذَا فَقُلْتُ أَنَا
فَقَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَا أَنَا

ഒരിക്കൽ നബിﷺയുടെ അനുചരനായ ജാബിർ(റ) നബിﷺയുടെ അടുക്കൽ ചെന്ന് സലാം പറഞ്ഞ് പ്രവേശിക്കാൻ അനുമതി ചോദിച്ചു. നബിﷺ ചോദിച്ചു. 'ആരാണ്?' ജാബിർ(റ) പറഞ്ഞു: "ഞാനാണ്." ജാബിർ(റ) തന്നെ പറയുന്നു. അപ്പോൾ നബിﷺ വെറുപ്പു പ്രകടിപ്പിച്ചിട്ടെന്ന പോലെ ഇങ്ങനെ ചോദിച്ചു. "ഞാൻ, ഞാൻ എന്നു പറഞ്ഞാൽ (ആരാണ്?)" (ബുഖാരി, മുസ്‌ലിം)

അതായത്, ആളെ മനസ്സിലാക്കാൻ വേണ്ടിയാണ് ചോദിക്കുന്നതെന്ന് മനസ്സിലാക്കി വ്യക്തമായ മറുപടി നൽകുക. അതിനായി പോസ്റ്റൽ അഡ്രസ്സ് മുഴുവൻ പറയണമെന്ന് അതിനർഥമില്ല. അഥവാ ആളെ മനസ്സിലാകലാണ് കാര്യം.

**6. ദൈർഘ്യം കുറക്കുക**

ചിലരെ സംബന്ധിച്ച് പലരും ഇങ്ങനെ പറയാറുണ്ട്. "അയാൾ വല്ലാത്ത കത്തിയാണ്. ഫോണെടുത്താൽ വെക്കില്ല. ബോറടിപ്പിക്കും" മറ്റുള്ളവരുടെ സമയവും പൈസയും നശിപ്പിക്കുന്ന ഇത്തരം വെട്ടുകത്തികളാകാതിരിക്കാൻ പരമാവധി ശ്രദ്ധിക്കുക. ആവശ്യത്തിനാണ്

സംസാരം. അനാവശ്യമായി നീട്ടിപ്പരത്തി സംസാരിക്കുന്ന വായാടികളെ മാന്യതയുള്ളവരാരും ഇഷ്ടപ്പെടില്ല. അത്തരം രീതി മാന്യന്മാരുടേതല്ലതാനും. മറ്റുള്ളവരുടെ ഇത്തരം 'വധ'ത്തിന് സഹികെട്ട് നിന്ന് കൊടുക്കേണ്ട ദുരവസ്ഥയും ഏറെ പരിതാപകരമാണ്.

നബിﷺ പറയുന്നു:

يَسِّرُوا وَلَا تُعَسِّرُوا وَبَشِّرُوا وَلَا تُنَفِّرُوا

"നിങ്ങൾ മറ്റുള്ളവർക്ക് എളുപ്പമുണ്ടാക്കുക; ഞെരുക്കമുണ്ടാക്കരുത്. നിങ്ങൾ സന്തോഷം പകരുക. മറ്റുള്ളവരെ വെറുപ്പിക്കരുത്" (മുസ്‌ലിം)

**7. ശബ്ദം നിയന്ത്രിക്കുക**

മിതത്വവും മാന്യതയും ഫോണിലൂടെ സംസാരിക്കുമ്പോഴും ആവശ്യമാണ്. സംസാരം കേൾക്കാൻ കഴിയാതെ അപരൻ വിഷമിക്കുന്നത്ര കുറഞ്ഞ ശബ്ദവും റസീവർ ആവശ്യമില്ലാത്തവിധം ചെവിടടക്കുന്ന ശബ്ദവും ഒഴിവാക്കേണ്ടതാണ്. രണ്ടും ശല്യവും പ്രയാസവുമാണെന്ന കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. ഖുർആൻ പറയുന്നു:

﴿وَٱقْصِدْ فِى مَشْيِكَ وَٱغْضُضْ مِن صَوْتِكَ ۚ إِنَّ أَنكَرَ ٱلْأَصْوَٰتِ لَصَوْتُ ٱلْحَمِيرِ﴾

"നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക. നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക. തീർച്ചയായും ശബ്ദങ്ങളുടെ കൂട്ടത്തിൽ ഏറ്റവും വെറുപ്പുളവാക്കുന്നത് കഴുതയുടെ ശബ്ദമത്രെ." (31:19)

ആരോടാണോ സംസാരിക്കുന്നത് അവരുടെ സ്ഥാനവും ബന്ധവും പരിഗണിച്ചുകൊണ്ടുവേണം സംസാരിക്കാൻ. മാതാപിതാക്കൾ, ഗുരുനാഥൻമാർ, പ്രായം ചെന്ന

വർ തുടങ്ങിയവരോട് ബഹുമാനത്തോടും വിനയ ത്തോടും കൂടി സംസാരിക്കാൻ സാധിക്കണം.

അല്ലാഹു പറയുന്നു:

﴿ وَقَضَىٰ رَبُّكَ أَلَّا تَعْبُدُوٓا۟ إِلَّآ إِيَّاهُ وَبِٱلْوَٰلِدَيْنِ إِحْسَـٰنًا ۚ إِمَّا يَبْلُغَنَّ عِندَكَ ٱلْكِبَرَ أَحَدُهُمَآ أَوْ كِلَاهُمَا فَلَا تَقُل لَّهُمَآ أُفٍّ وَلَا تَنْهَرْهُمَا وَقُل لَّهُمَا قَوْلًا كَرِيمًا ﴿٢٣﴾ وَٱخْفِضْ لَهُمَا جَنَاحَ ٱلذُّلِّ مِنَ ٱلرَّحْمَةِ وَقُل رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِى صَغِيرًا ﴾

“തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നൻമചെയ്യണമെന്നും നിന്റെ രക്ഷി താവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ടു പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ! എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക. കാരു ണ്യത്തോട് കൂടി എളിമയുടെ ചിറക് നീ അവർ ഇരുവർ ക്കും താഴ്ത്തികൊടുക്കുകയും ചെയ്യുക. എന്റെ രക്ഷിതാ വേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർ ത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക.” (17:23,24)

ആളുകൾക്ക് മാന്യമായ പരിഗണന നൽകുവാനും അവ രുടെ സ്ഥാനമാനങ്ങൾ അംഗീകരിക്കുവാനും നബി ﷺ

നിർദേശിച്ചിട്ടുണ്ട്. അവിടുന്ന് പറഞ്ഞു:

أَنْزِلُوا النَّاسَ مَنَازِلَهُمْ

“നിങ്ങൾ ജനങ്ങളെ അവരുടെ സ്ഥാനമാനങ്ങൾക്കനുസരിച്ച് സമീപിക്കുക” (അബൂദാവൂദ്)

പ്രായം കുറഞ്ഞവരോട് സ്നേഹ വാൽസല്യത്തോടെ പെരുമാറാനും സംസാരിക്കാനും ശ്രദ്ധിക്കണം. നബി ﷺ പറയുന്നു:

لَيْسَ مِنَّا مَنْ لَمْ يُوَقِّرْ كَبِيرَنَا وَيَرْحَمْ صَغِيرَنَا

“വലിയവരെ ബഹുമാനിക്കാത്തവരും ചെറിയവരോട് കരുണ കാണിക്കാത്തവരും നമ്മിൽപ്പെട്ടവരല്ല” (അഹ്‌മദ്)

അല്ലാഹു പറയുന്നു:

﴿ وَلَا تُصَعِّرْ خَدَّكَ لِلنَّاسِ وَلَا تَمْشِ فِي ٱلْأَرْضِ مَرَحًا ۖ إِنَّ ٱللَّهَ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴾

“നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല.” (31:18)

ശബ്ദമുഖരിതമായ സാഹചര്യത്തിൽ നിന്ന് മാറി ഫോൺ ചെയ്യാൻ ശ്രദ്ധിക്കണം. അല്ലെങ്കിൽ പലപ്പോഴും അത് ആശയവിനിമയം ദുഷ്കരമാക്കും. ചിലർ കുട്ടികളുടെ ചിരിയും ബഹളവും കരച്ചിലുമൊക്കെ പൊടിപൊടിക്കുന്നിടത്തു വെച്ച് ഫോൺ ചെയ്യാറുണ്ട്. സ്വന്തം വില

യും നിലയും ഇടിച്ചു കളയുന്ന ഒന്നാണത് എന്ന കാര്യം പലരും ഓർക്കാറില്ല. അവരെ ശാന്തമാക്കാൻ കഴിയില്ലെങ്കിൽ അത്തരം സ്ഥലങ്ങളിൽ നിന്ന് അൽപ്പം മാറി നിൽക്കാനെങ്കിലും ശ്രദ്ധിക്കണം.

ഫോണെടുക്കുന്നയാളുടെ സംസാരത്തിൽ സാധാരണയിൽ നിന്ന് വ്യത്യസ്തമായ വല്ലതും അനുഭവപ്പെട്ടാൽ അയാളുടെ അസൗകര്യവും സാഹചര്യവും തിരിച്ചറിയാൻ കഴിയണം. അതിൽ ഊഹാപോഹങ്ങളും മോശമായ വിചാരങ്ങളും വെച്ചുപുലർത്താതെ നടപ്പാക്കാൻ കഴിയുന്നവരാണ് ഉൽകൃഷ്ടർ. പക്ഷേ, പലർക്കുമത് അസാധ്യമെന്നപോലെയാണ്. എല്ലാ സമയത്തും മനുഷ്യർ ഒരുപോലെയായിരിക്കണമെന്നില്ല. ഊഹാപോഹങ്ങൾക്കപ്പുറം തെളിവുകൾ പിൻപറ്റാനും മറ്റുള്ളവരെ കുറിച്ച് നല്ലത് വിചാരിക്കുവാനും നമുക്ക് കഴിയണം. അല്ലാഹു പറയുന്നു:

﴿ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱجْتَنِبُوا۟ كَثِيرًا مِّنَ ٱلظَّنِّ
إِنَّ بَعْضَ ٱلظَّنِّ إِثْمٌ ﴾

“സത്യവിശ്വാസികളെ ഊഹത്തിൽ നിന്ന് മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു.” (49:12)

അയാൾക്ക് തന്റെ ഈ കോൾ ഇഷ്ടപ്പെടുന്നില്ലെന്ന് ബോധ്യമായാൽ മാന്യമായി ഒഴിയുകയാണ് വേണ്ടത്. സത്യവിശ്വാസികളുടെ ഉൽകൃഷ്ട സ്വഭാവങ്ങൾ പരാമർശിക്കവേ അല്ലാഹു പറയുന്നത് കാണുക:

﴿ وَعِبَادُ ٱلرَّحْمَٰنِ ٱلَّذِينَ يَمْشُونَ عَلَى ٱلْأَرْضِ هَوْنًا وَإِذَا خَاطَبَهُمُ ٱلْجَٰهِلُونَ قَالُوا۟ سَلَٰمًا ﴾

“പരമകാരുണികന്റെ ദാസൻമാർ ഭൂമിയിൽ കൂടി വിനയത്തോടെ നടക്കുന്നവരും, അവിവേകികൾ തങ്ങളോട് സംസാരിച്ചാൽ സമാധാനപരമായി മറുപടി നൽകുന്നവരുമാകുന്നു.” (25:63)

അനാവശ്യ സംസാരങ്ങളും വാഗ്വാദങ്ങളും ഒഴിവാക്കി ബന്ധങ്ങൾ അറ്റുപോകാനിടയാക്കുന്ന നിലപാടുകളിൽ നിന്നും അകന്ന് സംസാരം അവസാനിപ്പിക്കാൻ സാധിക്കേണ്ടതുണ്ട്. ഇനിയും വിളിക്കാവുന്ന രൂപത്തിൽ ബന്ധങ്ങൾക്ക് പോറലേൽപ്പിക്കാത്ത സംസാരമാണ് വേണ്ടതെന്നു സാരം. സലാം പറഞ്ഞുകൊണ്ട് സംസാരം അവസാനിപ്പിക്കലാണ് ഇസ്‌ലാമിക മര്യാദ. നബിﷺപറയുന്നു:

إِذَا انْتَهَى أَحَدُكُمْ إِلَى الْمَجْلِسِ فَلْيُسَلِّمْ فَإِذَا أَرَادَ أَنْ يَقُومَ فَلْيُسَلِّمْ فَلَيْسَتْ الْأُولَى بِأَحَقَّ مِنْ الْآخِرَةِ

“നിങ്ങളാരെങ്കിലും ഒരു സദസ്സിലെത്തിയാൽ സലാം പറയുക. അവിടെ നിന്ന് എഴുന്നേറ്റ് പോകുമ്പോഴും സലാം പറയണം. ആദ്യത്തെ സലാം അവസാനത്തേതിനേക്കാൾ അർഹപ്പെട്ടതൊന്നുമല്ല.” (അബൂദാവൂദ്, തിർമിദി) അതായത് ആദ്യത്തിലും അവസാനത്തിലും സലാം പറയണമെന്നർഥം.

**8. സ്ത്രീയും ഫോണും**

സ്ത്രീകളുടെ കൊഞ്ചിക്കുഴയലും അനുനയ സ്വരത്തിലുള്ള സംസാരവുമൊക്കെ പലതരത്തിലുള്ള അപകടങ്ങ

ളിലേക്കും വലിച്ചിഴക്കുമെന്നതിനാൽ അന്യപുരുഷൻമാരോടുള്ള സംസാരത്തിൽ നിയന്ത്രണങ്ങളും സൂക്ഷ്മതയും കൈകൊള്ളേണ്ടതുണ്ട്. മാന്യമായ രീതിയിൽ അത്യാവശ്യത്തിനു മാത്രം സംസാരിച്ച് മതിയാക്കുക. അല്ലെങ്കിൽ വീണ്ടും വീണ്ടും കോളുകൾ വന്നുകൊണ്ടിരിക്കും. പിന്നീട് കാണലിലേക്കും രഹസ്യ സംഗമത്തിലേക്കും ഒക്കെ എത്തിപ്പെട്ടേക്കും. അതിനാൽ സൂക്ഷിക്കുക, സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട എന്ന വസ്തുത മറക്കാതിരിക്കുക.

നബിﷺയും ഉത്തമരായ സ്വഹാബത്തും ജീവിച്ചിരുന്ന ആ ഉത്തമതലമുറയിലെ പതിവ്രതകളായ പ്രവാചകപത്നിമാരോട് അല്ലാഹു നിർദ്ദേശിക്കുന്നത് കാണുക.

﴿يَـٰنِسَآءَ ٱلنَّبِىِّ لَسْتُنَّ كَأَحَدٍ مِّنَ ٱلنِّسَآءِ ۚ إِنِ ٱتَّقَيْتُنَّ فَلَا تَخْضَعْنَ بِٱلْقَوْلِ فَيَطْمَعَ ٱلَّذِى فِى قَلْبِهِۦ مَرَضٌ وَقُلْنَ قَوْلًا مَّعْرُوفًا﴾

"'{പവാചക പത്നിമാരേ, സ്ത്രീകളിൽ മറ്റു ആരെപ്പോലെയുമല്ല നിങ്ങൾ. നിങ്ങൾ ധർമ്മനിഷ്ഠ പാലിക്കുന്നുവെങ്കിൽ നിങ്ങൾ (അന്യരോട്) അനുനയസ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞു കൊള്ളുക." (33:32)

സ്ത്രീകളോട് സംസാരിക്കുന്ന പുരുഷൻമാർ അവരുടെ ശബ്ദമാസ്വദിക്കുകയും ശൃംഗരിക്കലുമൊക്കെ പാപമാണെന്നും മറ്റു പല തിന്മകളിലേക്കും അത് നയിക്കുമെന്നും അറിയുക. ഇതറിഞ്ഞുകൊണ്ടുതന്നെയായിരിക്കണം

മിക്ക സ്ഥാപനങ്ങളിലും ടിവി, റേഡിയോ ചാനലുകളിലും ഫോണെടുക്കാനും കൊഞ്ചികുഴഞ്ഞ് സംസാരിക്കാനും അതിൽ 'മിടുക്ക്' തെളിയിച്ച പെണ്ണുങ്ങളെ പ്രത്യേകം നിയമിക്കുന്നത്. സ്ത്രീ ശരീരവും സൗന്ദര്യവും അവരുടെ ശബ്ദവും പോലും കമ്പോളവൽക്കരിക്കപ്പെട്ടിരിക്കുന്നുവെന്ന് സാരം. അത്തരം ജോലികളിൽ താൽക്കാലിക ലാഭവും ആസ്വാദനവും കണ്ടെത്തുന്നവർ നിരവധി സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന കാര്യം അധികമാരും ശ്രദ്ധിക്കുന്നില്ല.

വീടുകളിൽ ആണുങ്ങളുണ്ടായിരിക്കെ ഓടിപ്പോയി സ്ത്രീകൾ ഫോണെടുക്കുന്ന രീതി ഒഴിവാക്കണം. ഗൃഹനാഥൻമാർ അത്തരം കാര്യങ്ങളിൽ ശ്രദ്ധയുള്ളവരായിരിക്കേണ്ടതുണ്ട്. ആണുങ്ങളില്ലാത്ത സന്ദർഭങ്ങളിൽ തന്നെ എല്ലാം മറ്റുള്ളവരോട് വിശദമാക്കി 'ഇങ്ങോട്ട് വന്നോളൂ ഇവിടെ ഞാൻ തനിച്ചാണ്' എന്ന് സന്ദേശം നൽകി സ്വന്തം സുരക്ഷ പോലും അപകടത്തിലാക്കുന്ന ബുദ്ധിശൂന്യമായ രീതി കൈകൊള്ളരുത്. അത്തരം അവസരങ്ങൾക്ക് തക്കം പാർത്തിരിക്കുന്ന കഴുകൻമാർ ചുറ്റുപാടുമുണ്ടെന്ന കാര്യം മറന്നുപോകരുത്.

## 9. ഫോണും വീടും

കുടുംബനാഥനും വീട്ടിലെ മറ്റംഗങ്ങളുമൊക്കെ പരസ്പര സ്നേഹവാൽസല്യങ്ങൾ പങ്കുവെച്ച് തെറ്റുകൾ തിരുത്തി ഒരുമയോടെ കഴിയുന്നത് നയനാനന്ദകരമാണ്. നല്ല ഗൃഹനാഥന് ഒരു സന്തുഷ്ട കുടുംബത്തിന്റെ നിർമിതിയിൽ കാര്യമായ പങ്കുണ്ട്. മാന്യവും നീതിയുക്തവുമായ പെരുമാറ്റത്തിലൂടെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുകയും കുടുംബകാര്യത്തിൽ ഉത്തരവാദിത്വബോധവും

ശ്രദ്ധയുമുള്ള ആളായിരിക്കുകയും ചെയ്യും അത്തരക്കാർ. അങ്ങനെ നൻമയുടെ നായകത്വം വഹിക്കുന്ന ഒരു നല്ല കുടുംബത്തിനുവേണ്ടിയാണ് സത്യവിശ്വാസികൾ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ടത്. അല്ലാഹു പറയുന്നു:

﴿ وَٱلَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَٰجِنَا وَذُرِّيَّٰتِنَا قُرَّةَ أَعْيُنٍ وَٱجْعَلْنَا لِلْمُتَّقِينَ إِمَامًا ﴾

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ ഭാര്യമാരിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് നീ കൺകുളിർമ നൽകുകയും ധർമ്മനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകയാക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരുമാകുന്നു അവർ" (25:74)

ഒച്ചയും ബഹളവും കലഹങ്ങളും കുടുംബത്തിൽ സ്വസ്ഥത തകർക്കുകയും അശാന്തി പരത്തുകയും ചെയ്യും. ശാന്തിയും സമാധാനവുമില്ലാതെ ഭൗതിക വിഭവങ്ങൾ വേണ്ടുവോളമുണ്ടെങ്കിലും അത് സന്തുഷ്ട കുടുംബമാവില്ല. ഭാര്യയോടും മക്കളോടും വീട്ടിലെ മറ്റുള്ളവരോടും ഒക്കെ മാന്യമായ പെരുമാറ്റവും ശരിയായ മാർഗദർശനവുമൊക്കെ നൽകാൻ ഒരു കുടുംബനാഥന് കഴിയണം. നബിﷺയുടെ ഉപദേശങ്ങളിൽ നിന്ന് മനസ്സിലാക്കാവുന്നതുപോലെ കുടുംബത്തിലെ ഓരോരുത്തരും കൂട്ടുത്തരവാദിത്വമുള്ളവരാണ്. കുടുംബം നരകതുല്യമാക്കാനും ശാന്തിയും സമാധാനവും സന്തോഷവും കളിയാടുന്ന അനുഗ്രഹീത ഭവനമാക്കിമാറ്റുവാനും പ്രഥമവും പ്രധാനമായും ശ്രദ്ധിക്കേണ്ടത് അവിടെ കഴിയുന്ന ഓരോരുത്ത

രുമാണ്. നബിﷺ പറയുന്നു:

كُلُّكُمْ رَاعٍ وَكُلُّكُم مَسْئُولٌ عَنْ رَعِيَّتِهِ الْإِمَامُ رَاعٍ وَمَسْئُولٌ عَنْ رَعِيَّتِهِ وَالرَّجُلُ رَاعٍ فِي أَهْلِهِ وَهُوَ مَسْئُولٌ عَنْ رَعِيَّتِهِ وَالْمَرْأَةُ رَاعِيَةٌ فِي بَيْتِ زَوْجِهَا وَمَسْئُولَةٌ عَنْ رَعِيَّتِهَا وَالْخَادِمُ رَاعٍ فِي مَالِ سَيِّدِهِ وَمَسْئُولٌ عَنْ رَعِيَّتِهِ

"നിങ്ങളോരോരുത്തരും ഭരണാധികാരികളാണ് (അഥവാ ഉത്തരവാദിത്വമുള്ളവരാണ്) ഓരോരുത്തരും തന്റെ ഭരണീയരെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടും. ജനങ്ങളുടെ നേതാവ് അവരുടെ ഉത്തരവാദിത്വം ഏറ്റെടുത്തയാളാണ്. തന്റെ അനുയായികളെ കുറിച്ച് അയാളോട് ചോദിക്കപ്പെടും. ഒരു പുരുഷൻ തന്റെ കുടുംബത്തിലെ ഭരണാധികാരിയാണ്. അയാളോടും തന്റെ ഭരണീയരെ കുറിച്ച് ചോദ്യമുണ്ടാകും. സ്ത്രീ തന്റെ ഭർത്താവിന്റെ വീട്ടിലെ ഭരണാധികാരിയാണ്. അവളും തന്റെ ഭരണീയരെകുറിച്ച് (അഥവാ മക്കളെ കുറിച്ച്) ചോദിക്കപ്പെടുന്നതാണ്. ഒരു സേവകൻ തന്റെ യജമാനന്റെ ധനത്തിന്റെ ഉത്തരവാദിത്വമുള്ളയാളാണ്. അയാളോട് തന്റെ ഉത്തരവാദിത്വത്തെ കുറിച്ചും ചോദ്യമുണ്ടാകും." (ബുഖാരി, മുസ്‌ലിം)

ഫോണിന്റെ കാര്യത്തിൽ ഇത്തരം കുടുംബങ്ങൾ ചില സംഗതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കുടുംബനാഥൻ അവ തന്റെ കുടുംബത്തിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം.

1. പരമാവധി സ്ത്രീകൾ ഫോണെടുക്കുന്ന രീതി ഒഴിവാക്കുക. അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം സ്ത്രീകൾ ഫോണെടുക്കുകയും കാര്യങ്ങൾ പറഞ്ഞ് വേഗം സംസാരം

നിർത്തുകയും ചെയ്യുന്ന പതിവ്രതകളുടെ മാന്യമായ ശൈലി വീടുകളിൽ നടപ്പാക്കുക.

2. ഫോണിംഗിലെ ഇസ്‌ലാമിക മര്യാദകളെ കുറിച്ച് വീട്ടിലെ ഓരോരുത്തരേയും ബോധവൽക്കരിക്കുക. അതിലൂടെയുള്ള നന്മയും അല്ലാതിരുന്നാലുള്ള ദൂഷ്യങ്ങളും അവരെ പറഞ്ഞ് മനസ്സിലാക്കുക.

3. ഫോണിലൂടെയുള്ള അനാവശ്യ സംസാരവും ഫോണിന്റെ ദുരുപയോഗവും ഇല്ലാതാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

4. ചെറിയ കുട്ടികൾ ഫോണെടുക്കുന്ന സ്ഥിതി ഒഴിവാക്കുക. അത്യാവശ്യങ്ങൾ വല്ലതും സംസാരിക്കാനായിരിക്കും വിളിക്കുന്നത്, തിരിച്ചറിവില്ലാത്ത കൊച്ചുകുട്ടികൾ ഫോൺ എടുത്താൽ ആശയ വിനിമയം ദുഷ്കരമായിരിക്കും. സമയ നഷ്ടവും സാമ്പത്തിക നഷ്ടവും മാത്രമല്ല അതിലൂടെയുണ്ടാവുന്നത്. അവരുടെ ആരോഗ്യ പ്രശ്നങ്ങൾക്കു പുറമേ ഫോൺ ഉപയോഗശൂന്യമാകുന്ന സ്ഥിതിയുമുണ്ടാകും.

ചില വീടുകളിൽ ഫോൺ കുട്ടികളുടെ കളിപ്പാട്ടം പോലെയാണ്. കുട്ടികളുടെ കളിയും വിനോദവുമെല്ലാം അതുകൊണ്ടായിരിക്കും. റീസീവർ മാറ്റിവെക്കുകയോ കേടാവുകയോ ഒക്കെയാവുമ്പോൾ ആവശ്യങ്ങൾക്ക് അത് ഉപകരിക്കാതെ പോകും.

**10. ഫോൺ ബില്ല്**

കുടുംബ ബജറ്റിനെ കാര്യമായി പിടിച്ചുലക്കുന്ന തരത്തിലാണ് ചില വീടുകളിലെ ഫോൺ ബില്ലുകൾ. ചിലപ്പോഴൊക്കെ അത് അധികൃതരുടെ അശ്രദ്ധ കൊണ്ടുണ്ടാ

കുന്നതാണെങ്കിലും മിക്കപ്പോഴും അത് ഫോണിന്റെ ദുരുപയോഗം കൊണ്ടുണ്ടാകുന്നതാണ്. മണിക്കൂറുകൾ നീണ്ടുനിൽക്കുന്ന ഫോൺ വിളിയും മാറി മാറിയുള്ള നിരന്തര ഫോണിംഗുമൊക്കെ ചിലരുടെ ദുശ്ശീലങ്ങളാണ്. യാതൊരു ഉപയോഗവുമില്ലാത്ത അത്തരം ഫോണിംഗിലൂടെ സ്വന്തം സമയവും പൈസയും നഷ്ടപ്പെടുത്തുക മാത്രമല്ല മറ്റുള്ളവരെ ശല്യപ്പെടുത്തുക കൂടിയാണ്.

ചില ടിവി, റേഡിയോ ചാനലുകൾ ഇത്തരം സല്ലാപങ്ങളുടെ നിരന്തര വേദികളാകാറുണ്ട്. വിജ്ഞാനപ്രദമായ പ്രോഗ്രാമുകളെ കുറിച്ചല്ല മറിച്ച് ശ്രോതാക്കൾ ആവശ്യപ്പെട്ട ഇഷ്ട ഗാനങ്ങളും അതിനു മുമ്പുള്ള പുരാണം പറച്ചിലും കുശലാന്വേഷണങ്ങളുമൊക്കെയായി എത്രയോ സമയമാണ് പലരും തുലക്കുന്നത്. സ്വന്തം ജീവിതത്തെ ഹോമിക്കുന്ന ഇത്തരക്കാരിൽ യുവതി-യുവാക്കളുടെ പങ്കാണ് ഏറെയും എന്നതാണ് ഏറെ പരിതാപകരം. കർമ്മ ശേഷിയുള്ള യുവത്വം ഇങ്ങനെ തുലച്ചു കളയുന്നവർ ഈ ലോകത്തിൽ അല്ലെങ്കിൽ പരലോകത്ത് ഖേദിക്കേണ്ടിവരുമെന്നതിൽ സംശയമില്ല. ഒരു സത്യവിശ്വാസിയെ സംബന്ധിച്ചിടത്തോളം പാടില്ലാത്ത പലതും അതിലുണ്ടാകുന്നു. പരിധിവിട്ട സംസാരങ്ങൾ, സംഗീതം, സമയനഷ്ടം, സാമ്പത്തിക നഷ്ടം മുതലായവ അവയിൽ ചിലത് മാത്രം. ഗുണദോഷങ്ങൾ വിലയിരുത്തി നന്മ ഉൾക്കൊള്ളുകയും തിന്മകളെ ത്യജിക്കുകയും ചെയ്യുന്നവരാണ് യഥാർഥ ബുദ്ധിമാൻമാർ. വിശ്വാസികളാണ് സൽസ്വഭാവത്തിന് ഏറ്റവും കടപ്പെട്ടവർ.

### 11. ഫോണും ഓഫീസും

ചില സ്ഥാപനങ്ങളിലേക്ക് ഫോൺ ചെയ്താൽ നിരാശ മാത്രമേ ഉണ്ടാകാറുള്ളൂ എന്നത് വാസ്തവമാണ്. ആവ

ശ്യക്കാരെ കണ്ടറിഞ്ഞ് ബന്ധപ്പെടുത്താനുള്ള സൗകര്യങ്ങളുണ്ടായിരിക്കണം. തിരക്കും അസൗകര്യങ്ങളുമുള്ള സമയങ്ങളാണെങ്കിൽ ഉചിതമായ മറ്റൊരു സമയം നിർദേശിക്കുകയും ആ സന്ദേശം ബന്ധപ്പെട്ടവർക്ക് കൈമാറുകയും ചെയ്യണം. അനാവശ്യമായ ഔപചാരികതയിൽ തട്ടിതടഞ്ഞ് ആവശ്യങ്ങൾ നടക്കാതെ പോകുന്ന സ്ഥിതിവിശേഷങ്ങൾ ഉണ്ടായിക്കൂടാ. ഒരു ഷീറ്റ് കടലാസിനു പോലും ജനറൽ മാനേജറെ വിളിച്ചു ചോദിക്കേണ്ടുന്ന സ്ഥിതി ഗുണപരമല്ല. സമയനഷ്ടവും ശല്യവുമാണതിലൂടെയുണ്ടാവുന്നത്. സമയവും സന്ദർഭവും മനസ്സിലാക്കി ഉചിതമായി പ്രവർത്തിക്കാൻ കഴിയുന്ന കാര്യശേഷിയുള്ള റിസപ്ഷൻ കൗണ്ടറുടെ ആവശ്യകത അവിടെയാണ്. സമീപത്തെ റയിൽവേ സ്റ്റേഷനിലെ ട്രെയിൻ സമയമറിയാൻ സ്ഥാപനത്തിന്റെ ഉന്നതാധികാരിയെ തന്നെ തെരയുന്ന ചില അവിവേകികളെ തിരുത്താനും ശല്യമൊഴിവാക്കി കാര്യങ്ങൾ ഫലപ്രദമായി സാധിച്ചുകൊടുക്കാനും അത്തരം സംവിധാനങ്ങളിലൂടെ കഴിയും. ആവശ്യമായ കോളുകൾ ബന്ധപ്പെട്ടവർക്ക് കൈമാറുന്നതിന് മടിക്കരുത്. ഓരോരുത്തരുടെയും 'എക്സ്റ്റൻഷൻ' നമ്പർ പ്രത്യേകം രേഖപ്പെടുത്തലും ഉപകാരപ്രദമായിരിക്കും.

കോൾ ചെയ്ത് ലൈനിൽ കാത്തു നിൽക്കുന്നവർക്ക് സംഗീതമാസ്വദിക്കാൻ സൗകര്യമൊരുക്കുന്നത് ഇസ്‌ലാമിക ദൃഷ്ട്യാ തെറ്റാണ്. രാഗങ്ങളും താളമേളങ്ങളും കാപട്യം വളർത്തുകയും മാനസിക ചൈതന്യം നഷ്ടപ്പെടുത്തുകയും ചെയ്യുമെന്നാണ് ഇസ്‌ലാമികധ്യാപനം. ചിലർ അതിനു പകരം ആയത്തുകളും ഉപദേശങ്ങളും സെറ്റ് ചെയ്യാറുണ്ട്. അതും അനുചിതമാണെന്നാണ് പണ്ഡിതൻമാർ അഭിപ്രായപ്പെടുന്നത്.

## 12. മറ്റുള്ളവരുടെ ഫോൺ ഉപയോഗിക്കുമ്പോൾ

പരമാവധി മറ്റുള്ളവരെ ആശ്രയിക്കാതെയും ബുദ്ധിമുട്ടിക്കാതെയും കഴിയാനാണ് ഒരു യഥാർഥ വിശ്വാസി ശ്രമിക്കേണ്ടത്. എന്തിനും ഏതിനും മറ്റുള്ളവരെ ആശ്രയിക്കുന്ന രീതി ശരിയല്ല. നബിﷺ പഠിപ്പിച്ച ഒരു പ്രാർഥന ഈ ആശയത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.

اللَّهُمَّ اكْفِنِي بِحَلَالِكَ عَنْ حَرَامِكَ وَأَغْنِنِي بِفَضْلِكَ عَمَّنْ سِوَاكَ

“അല്ലാഹുവേ നീ നിഷിദ്ധമാക്കിയവയില്ലാതെ അനുവദിച്ചവകൊണ്ട് തന്നെ എനിക്ക് മതിവരുത്തേണമേ, മറ്റുള്ളവരെ ആശ്രയിക്കേണ്ടതില്ലാത്തവിധം നിന്റെ ഔദാര്യം കൊണ്ട് എന്നെ നീ ധന്യമാക്കേണമേ” (അഹമ്മദ്, തിർമിദി, ഹാക്കിം)

ഒരു കാര്യത്തിലും മറ്റുള്ളവരെ ആശ്രയിച്ചുകൂടാ എന്ന് ഇതിനർഥമില്ല. മനുഷ്യർ പരസ്പര സഹായത്തിലും സഹകരണത്തിലും ജീവിക്കേണ്ട ഒരു സാമൂഹ്യ ജീവിയാണ്.

﴿ وَتَعَاوَنُوا۟ عَلَى ٱلْبِرِّ وَٱلتَّقْوَىٰ ۖ وَلَا تَعَاوَنُوا۟ عَلَى ٱلْإِثْمِ وَٱلْعُدْوَٰنِ ﴾

“അതിനാൽ നിങ്ങൾ നന്മയിലും ഭക്തിയിലും പരസ്പരം സഹായിക്കുക, പാപത്തിലും ശത്രുതയിലും നിങ്ങൾ സഹായിക്കരുത്” (5:2) എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ചില സന്ദർഭങ്ങളിൽ മറ്റുള്ളവരുടെ ഫോൺ ഉപയോഗിക്കേണ്ടിവന്നേക്കാം. അവർക്കും വെറുപ്പും ബുദ്ധിമുട്ടുമുണ്ടാക്കാത്ത വിധത്തിൽ സൗമ്യവും വിനയവും പ്രകടിപ്പിച്ചുകൊണ്ടുള്ള ഇടപടലുകളാണ് അവിടെയും ശ്രദ്ധിക്കേണ്ടത്. അനുവാദം ചോദിച്ചിട്ട് മാത്രം ഉപയോഗിക്കുക.

ആളുകളുടെ അവസ്ഥ പരിഗണിച്ചുകൊണ്ടായിരിക്കണം അതിനു തുനിയേണ്ടത്. സാമ്പത്തിക ശേഷി കുറഞ്ഞ സാധുവായ വല്ലവന്റെയും ഫോൺ എടുത്തു ISD കോൾ ചെയ്യാൻ ഉപയോഗിക്കുന്നത് ക്രൂരതയാണെന്ന കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. സാമ്പത്തിക സ്ഥിതി പോലെ തന്നെ മാനസിക സ്ഥിതിയും പരിഗണിക്കേണ്ടതാണ്. തരാൻ മടിയുള്ള ഒരാളുടെ ഫോൺ ചോദിക്കാതിരിക്കാനും സന്തോഷത്തോടെയല്ല തരുന്നതെങ്കിൽ വേണ്ടന്നു വെക്കാനും നമുക്ക് കഴിയണം. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ടെലിഫോൺ ബൂത്തുകളും കോയിൻ ബോക്സുകളുമൊക്കെ യഥേഷ്ടമുണ്ട് എന്നതുകൊണ്ട് തന്നെ ഫോൺ ചെയ്യാൻ മറ്റുള്ളവരുടെ സൗജന്യത്തിനായി കാത്തു നിൽക്കേണ്ട സ്ഥിതി വളരെ കുറവായിരിക്കും.

ഉടമസ്ഥന്റെ അറിവും അനുവാദവുമില്ലാതെ അയാളുടെ ഫോൺ ഉപയോഗിക്കൽ ഇസ്‌ലാമികദൃഷ്ട്യാ കുറ്റമാണ്. സ്ഥാപനങ്ങളുടെ ഫോൺ ഉപയോഗിക്കുമ്പോൾ പലരും ഇക്കാര്യം ശ്രദ്ധിക്കാറില്ല. മേലധികാരികളുടെ അറിവോ സമ്മതമോ കൂടാതെ ഒഫീഷ്യൽ ഫോണുകൾ വ്യക്തിപരമായ ആവശ്യങ്ങൾക്കുപയോഗിക്കുന്നത് തെറ്റാണ്. ചിലർ സ്വന്തം പോക്കറ്റിനെ ബാധിക്കുന്നതല്ലാത്തതുകൊണ്ട് ഇത്തരം ഫോണുകളുപയോഗിച്ച് 'കത്തിയടി'ക്കുന്ന രീതിയുണ്ട്. വിശ്വസിച്ചേൽപ്പിച്ച ഉത്തരവാദിത്വത്തിൽ വരുത്തുന്ന വീഴ്ചയും വിശ്വാസ വഞ്ചനയുമാണത്. കപടവിശ്വാസികളുടെ പ്രകടമായ ലക്ഷണങ്ങളായിട്ടാണ് ഇത്തരം കാര്യങ്ങളെ നബി ﷺ പഠിപ്പിച്ചത്. അവിടുന്ന് പറഞ്ഞു:

لَا إِيمَانَ لِمَنْ لَا أَمَانَةَ لَهُ وَلَا دِينَ لِمَنْ لَا عَهْدَ لَهُ

"അമാനത്ത് (വിശ്വസ്തത) പാലിക്കാത്തവന് ഈമാനില്ല. കരാർ പാലിക്കാത്തവന് ദീനുമില്ല" (അഹ്മദ്)

## 13. ഫോണും ഫത്‌വയും

മതവിധികൾക്കും സംശയദുരീകരണത്തിനും വിശ്വസ്തരായ പണ്ഡിതൻമാരെ ഫോണിലൂടെ വിളിച്ച് കാര്യങ്ങൾ ചോദിച്ചറിയുവാൻ സാധിക്കുന്നു എന്നത് മഹത്തായ ഒരനുഗ്രഹമാണ്. അവിടെയും ഇസ്‌ലാമിക മര്യാദകൾ പാലിക്കേണ്ടതുണ്ട്. ചോദിക്കുന്നവർ മാന്യമായ രീതിയും ശൈലിയും ഉപയോഗിക്കണം. സലാം പറഞ്ഞ് പരിചയപ്പെടുത്തിയ ശേഷം സംശയമോ ചോദ്യമോ ഉന്നയിക്കുക. അറബികൾക്കിടയിൽ പൊതുവെ കാണപ്പെടുന്ന രീതി അനുകരണനീയമാണ്. പണ്ഡിതൻമാരോട് സ്നേഹാദരവുകൾ പ്രകടിപ്പിച്ചുകൊണ്ട് സലാം പറയുന്നതിനു പുറമേ "അഹ്സനല്ലാഹു ഇലൈക്ക" (താങ്കൾക്കള്ളാഹു നന്മ ചെയ്യട്ടെ!) എന്നും "ജസാക്കുമുല്ലാഹു ഖൈർ" (അല്ലാഹു നിങ്ങൾക്ക് നന്മ പ്രതിഫലം നൽകട്ടെ) എന്നുമൊക്കെയുള്ള നന്മക്കായി പ്രാർഥിക്കുന്ന രീതി മര്യാദയുടെയും ആദരവിന്റയും ശൈലിയാണ്. എന്നാൽ നമ്മുടെ നാടുകളിൽ ഒരു കാലത്ത് അതിരുവിട്ട സ്നേഹാദരവുകൾ ചോദിച്ചുവാങ്ങിയിരുന്ന പൗരോഹിത്യമായിരുന്നു നിലവിലുണ്ടായിരുന്നതെങ്കിൽ പുതിയ തലമുറയിൽ പാലിക്കപ്പെടേണ്ട മര്യാദകൾ പോലും കൈമോശം വന്നുപോകുന്ന കാഴ്ചയാണ് കാണുന്നത്. പൗരോഹിത്യം കയ്യൊഴിക്കേണ്ടതു തന്നെ പക്ഷേ, അനിവാര്യമായും ഉണ്ടായിരിക്കേണ്ട ആദരവും ബഹുമാനവുമൊക്കെ അതിനോടൊപ്പം കയ്യൊഴിച്ച സ്ഥിതിവിശേഷമാണ് ഉൽപതിഷ്ണുക്കളിൽ പലരിലും ഇന്ന് കാണുന്നത്. ഇത് സംഗതമല്ല.

കാര്യങ്ങൾ ചുരുക്കിപ്പറഞ്ഞ് നല്ല രീതിയിൽ അവസാനിപ്പിക്കണം. സമയവും മറ്റുള്ളവർക്ക് ചോദിക്കാനുള്ള അവസരവും പാഴാക്കാതിരിക്കാൻ ചോദ്യകർത്താക്കൾ പ്രത്യേകം ശ്രദ്ധിക്കണം. ചിലർ പണ്ഡിതന്റെ അറിവ് അളക്കാൻ വേണ്ടി ചില കാൽപനിക ചോദ്യങ്ങളുന്നയിക്കുകയും എന്നിട്ട് അനാവശ്യമായി തർക്കത്തിലും ഖണ്ഡനത്തിലുമൊക്കെ ഏർപ്പെടുകയും അവസാനം അയാൾക്ക് അറിവില്ല എന്ന് വരുത്തി 'സമാധാനമടയുന്ന' രീതി ഒട്ടും മാന്യമോ ആശാവഹമോ അല്ല. മാന്യത പുലർത്തേണ്ട വിശ്വാസികൾക്ക് ചേർന്നതല്ല ഇത്തരം രീതികൾ. അയാൾ ഏത് ഗ്രൂപ്പിൽപ്പെട്ട ആളാണെന്ന് അറിയാനുള്ള പരീക്ഷണ തന്ത്രമായും ഇത്തരത്തിലുള്ള ഫോൺ കോളുകൾ ഉപയോഗിക്കുന്നവരുണ്ട്. അങ്ങനെ പല തരത്തിലുള്ള ഫിത്നയും ഇത്തരക്കാരുടെ ഫോണിംഗിലൂടെ അരങ്ങേറുന്നു. ചിലർ തങ്ങളാഗ്രഹിക്കുന്ന രീതിയിൽ മതവിധികളിൽ ഇളവുകൾ ലഭിക്കുവാനായി പലരോടും മാറി മാറി ചോദിച്ച് നടക്കുന്ന രീതിയുമുണ്ട്. ഇതൊക്കെയും കയ്യൊഴിയേണ്ടവയാണ്. അനാവശ്യവും അനവസരത്തിലുള്ളതുമായ നീണ്ട സംസാരങ്ങൾ ഒഴിവാക്കുകയും സമയം പരിഗണിക്കുകയും ചെയ്യുക. ചോദ്യമുന്നയിക്കുകയും എന്നിട്ട് മറുപടി പറയുമ്പോൾ അത് അയാളുടെ അറിവോ സമ്മതമോ കൂടാതെ 'ലൗഡ് സ്പീക്കറി'ലിടുന്നതും റെക്കോർഡ് ചെയ്യുന്നതും പിന്നീട് അത് സ്ഥാനത്തും അസ്ഥാനത്തുമൊക്കെ പ്രചരിപ്പിക്കുന്നതും ശരിയായ രീതിയല്ല. പലപ്പോഴും അത് ചതിയും വഞ്ചനയുമാകാനിടയുണ്ട്.

അതുപോലെ തന്നെ ഫോണിലൂടെ സംസാരിച്ചുകൊണ്ടിരിക്കുന്നയാൾ ആഗ്രഹിക്കാത്ത മറ്റൊരാളുടെ കയ്യി

ലേക്ക് ഫോൺ കൈമാറി സംസാരിപ്പിക്കുന്നതും ശരിയല്ല. “ഇന്നയാൾക്ക് ഫോൺ കൈമാറട്ടെ?” എന്ന് അയാളോടു അനുവാദം ചോദിച്ച ശേഷം അനുവാദം നൽകുന്നെങ്കിൽ മാത്രമേ അങ്ങനെ ചെയ്യാവൂ. അയാൾക്ക് താൽപര്യമില്ലെങ്കിൽ അതിലൂടെ അപ്രതീക്ഷിതമായി മറ്റു പലതുമായിരിക്കും സംസാരിക്കുന്നത്.

## 14. ബന്ധങ്ങൾ പുതുക്കാൻ ഒരു കോൾ

എപ്പോഴും എല്ലാരെയും സന്ദർശിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. സന്ദർശിക്കാൻ കഴിഞ്ഞില്ലെങ്കിൽകൂടി രക്തബന്ധവും കൂട്ടുകെട്ടും ആദർശബന്ധവുമൊക്കെ ഇണക്കാനും പുതുക്കാനും ടെലഫോൺ കോളുകൾ ഉപകരിച്ചേക്കും. വിശിഷ്യാ പിണങ്ങി നിൽക്കുന്നവരെ തമ്മിൽ അടുപ്പിക്കുവാനും അകലം കുറക്കുവാനും അത് സഹായകമാണ്. പെരുന്നാൾ, വിവാഹം പോലുള്ള സന്ദർഭങ്ങളിലൊക്കെ അത് കൂടുതൽ ഫലപ്പെടുകയും ചെയ്യും. വന്നില്ലെങ്കിലും അവർ വിളിച്ചന്വേഷിക്കുകയെങ്കിലും ചെയ്തല്ലോ എന്ന് സൻമനസുള്ളവരിൽ നല്ല ചിന്തയുണർത്താൻ അതു ഉപകരിക്കും. രോഗിയായി കിടക്കുന്നവരുണ്ടെങ്കിൽ അവരുടെയും പ്രായം ചെന്നവരുടെയും വിശേഷങ്ങൾ പ്രത്യേകം തിരക്കണം. ആപത്തും വിഷമതകളും നേരിടുന്ന ബന്ധുക്കളോടും സുഹൃത്തുക്കളോടും മറ്റുമുള്ള കടമകൾ ഫോണിലൂടെയുള്ള കേവലം സാന്ത്വനവാക്കുകൾ കൊണ്ട് തീരുന്നതല്ല. അവരെ സന്ദർശിക്കുന്നതിന് അത് പകരമാവുകയില്ല. എങ്കിലും അതിനൊന്നും സാധിക്കാതെ വരുമ്പോൾ മൊത്തം നേടാൻ സാധിക്കാത്ത ഫലവും ലക്ഷ്യവും പാടെ ഉപേക്ഷിക്കാതെ സാധ്യമാകുന്നത്ര കരസ്ഥമാക്കാൻ ശ്രമിക്ക

ണമെന്ന അടിസ്ഥാന തത്വവും ഇവിടെ പ്രസക്തമാണ്. സാന്ത്വനത്തിന്റെ കോളുകൾ ശാപത്തിന്റെയും ശല്യത്തിന്റെയും കോളുകളായി മാറാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

## 15. ഫോണിംഗിലെ ചതിയും വഞ്ചനയും

ചതിയും വഞ്ചനയും സത്യവിശ്വാസിയുടെ സ്വഭാവമായിക്കൂടാ. മറ്റുള്ളവരെ ഉപദ്രവിക്കലും വഞ്ചിക്കലും കുറ്റകരവും ദൈവിക ശിക്ഷക്കുള്ള നിമിത്തവുമാണ്. സ്വന്തം നന്മകൾ പോലും അത്തരം തിന്മകളിലൂടെ നഷ്ടപ്പെടുമാണ് നബി ﷺ പഠിപ്പിച്ചിട്ടുള്ളത്. തമാശകളുടെ പേരിലാണെങ്കിലും നന്മയുടെ പരിധിവിട്ടുകൊണ്ടുള്ള അത്തരം ക്രൂര വിനോദങ്ങളെ ഇസ്‌ലാം അനുവദിക്കുന്നില്ല. നബി ﷺ പറയുന്നു:

الْمُسْلِمُ مَنْ سَلِمَ الْمُسْلِمُونَ مِنْ لِسَانِهِ وَيَدِهِ وَالْمُهَاجِرُ مَنْ هَجَرَ
مَا نَهَى اللَّهُ عَنْهُ

“ആരുടെ നാവിൽ നിന്നും കയ്യിൽ നിന്നും മറ്റുള്ളവർ രക്ഷപ്പെട്ടുവോ അവനാണ് യഥാർഥ മുസ്‌ലിം. അല്ലാഹു വിലക്കിയത് ഒഴിവാക്കിയവനാണ് യഥാർഥ പരിത്യാഗി (മുഹാജിർ).” (ബുഖാരി)

രഹസ്യം പറഞ്ഞാൽ അത് മറ്റുള്ളവരോട് പറയലും റെക്കോർഡ് ചെയ്ത് മറ്റുള്ളവരെ കേൾപ്പിക്കലുമൊക്കെ വഞ്ചനയും കുറ്റവുമാണ്. “ആരോടും പറയരുത്” എന്ന് പറഞ്ഞവയാണെങ്കിലും അല്ലെങ്കിലും അന്യന്റെ രഹസ്യങ്ങളും ന്യൂനതകളും പരസ്യമാക്കുന്നത് കുറ്റകരമായിട്ടാണ് ഇസ്‌ലാം കാണുന്നത്. നബി(സ) പറയുന്നു:

إذا حدث الرجل حديثا فالتفت فهي أمانة

"ഒരാൾ മറ്റൊരാളോട് (മറ്റാരും കേൾക്കരുതെന്ന് കരുതി) സ്വകാര്യമായി പറഞ്ഞ കാര്യം രഹസ്യമായി സൂക്ഷിക്കേണ്ട അമാനത്ത് (ഉത്തരവാദിത്വം) ആണ്." (അഹ്മദ്, അബൂദാവൂദ്, തിർമിദി)

സ്വന്തം സ്വകാര്യതകൾ പരസ്യപ്പെടുത്തുന്നതിനേക്കാൾ മോശവും കുറ്റകരവുമാണ് മറ്റുള്ളവരുടെ സ്വകാര്യതകൾ പ്രചരിപ്പിക്കൽ. വിശ്വസിച്ച് പറഞ്ഞ കാര്യങ്ങളാണെങ്കിൽ അത് പരസ്യമാക്കുന്നതിലൂടെ വിശ്വാസവഞ്ചനയാണ് നടത്തുന്നത്. അല്ലെങ്കിലും ഏഷണി പരദൂഷണം തുടങ്ങിയ പല തിന്മകളിലേക്കുമായിരിക്കും അത് ചെന്നെത്തുന്നത്. അതൊക്കെയും ഇസ്‌ലാം വിരോധിച്ച തിന്മകളാണ്. അതിനാൽ രഹസ്യങ്ങളും കുറവുകളും പ്രചരിപ്പിക്കാതെ മറച്ചുവെക്കാൻ ഒരു സത്യവിശ്വാസി ബാധ്യസ്ഥനാണ്.

ഇമാം റാഗിബ്ﷺ പറയുന്നു: "രഹസ്യം പറയൽ രണ്ട് വിധമുണ്ട്. ഒന്ന്, ആരോടും പറയരുതെന്ന് പറഞ്ഞുകൊണ്ട് തന്നെ പറയുന്ന കാര്യങ്ങൾ. രണ്ട്, സന്ദർഭവും സാഹചര്യവും വ്യക്തമാക്കുന്നത്. അതായത് ശബ്ദം കുറച്ച് മറ്റാരും കേൾക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ട് അല്ലെങ്കിൽ ഒറ്റക്ക് വിളിച്ച് രഹസ്യമായി പറയുന്നത്." (ശൈഖ് ബകർ അബ്ദുല്ലാ അബൂസൈദിന്റെ 'അദബുൽ ഹാത്തിഫ്' പേജ് 29) ഇതാണ് മുമ്പ് സൂചിപ്പിച്ച ഹദീഥിന്റെയും താൽപര്യം.

ഒരാളുടെ ഫോൺ സംഭാഷണം അയാളുടെ അറിവും സമ്മതവുമില്ലാതെ റെക്കോർഡ് ചെയ്യുന്നത് ചതിയും വഞ്ചനയുമാണ്. എന്നിരിക്കെ അത് പിന്നീട് പ്രചരിപ്പിക്കുകകൂടി ചെയ്താലോ? അതിന്റെ കുറ്റവും ഗൗരവവും അധികരിക്കുന്നു. എന്നാൽ അതും വിട്ട് ആ സംഭാഷണം

സന്ദർഭത്തിൽ നിന്നും സാഹചര്യത്തിൽ നിന്നുമൊക്കെ അടർത്തിമാറ്റി കോട്ടിമാട്ടുകയും ദുരുപയോഗം ചെയ്യുകയുമൊക്കെയാണെങ്കിലോ? അതിന്റെ കുറ്റവും ഗൗരവവും ഒന്നുകൂടി അധികരിക്കുന്നു. ഇത്തരം ക്രൂരവിനോദങ്ങളിൽ ഏർപ്പെട്ട് മറ്റുള്ളവരെ ഉപദ്രവിക്കുന്നവർ അല്ലാഹുവിന്റെ താക്കീത് ഓർക്കുകയും അവന്റെ വിചാരണയെ ഭയക്കുകയും ചെയ്തുകൊള്ളുക.

﴿ٱلْيَوْمَ نَخْتِمُ عَلَىٰٓ أَفْوَٰهِهِمْ وَتُكَلِّمُنَآ أَيْدِيهِمْ
وَتَشْهَدُ أَرْجُلُهُم بِمَا كَانُوا۟ يَكْسِبُونَ﴾

"അന്ന് നാം അവരുടെ വായകൾക്കു മുദ്രവെക്കുന്നതും, അവരുടെ കൈകൾ നമ്മോട് സംസാരിക്കുന്നതും, അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി അവരുടെ കാലുകൾ സാക്ഷ്യം വഹിക്കുന്നതുമാണ്." (36:65)

﴿وَقَالُوا۟ لِجُلُودِهِمْ لِمَ شَهِدتُّمْ عَلَيْنَا ۖ قَالُوٓا۟ أَنطَقَنَا ٱللَّهُ
ٱلَّذِىٓ أَنطَقَ كُلَّ شَىْءٍ وَهُوَ خَلَقَكُمْ أَوَّلَ مَرَّةٍ وَإِلَيْهِ تُرْجَعُونَ ﴿٢١﴾
وَمَا كُنتُمْ تَسْتَتِرُونَ أَن يَشْهَدَ عَلَيْكُمْ سَمْعُكُمْ وَلَآ أَبْصَٰرُكُمْ
وَلَا جُلُودُكُمْ وَلَٰكِن ظَنَنتُمْ أَنَّ ٱللَّهَ لَا يَعْلَمُ كَثِيرًا مِّمَّا تَعْمَلُونَ﴾

"തങ്ങളുടെ തൊലികളോട് അവർ പറയും: നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരായി സാക്ഷ്യം വഹിച്ചത്? അവ (തൊലികൾ) പറയും: എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചതാകുന്നു. ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത് അവനാണല്ലോ. അവങ്കലേക്കുതന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു.

നിങ്ങളുടെ കാതോ നിങ്ങളുടെ കണ്ണുകളോ നിങ്ങളുടെ തൊലികളോ നിങ്ങൾക്ക് എതിരിൽ സാക്ഷ്യം വഹിക്കുമെന്ന് കരുതി നിങ്ങൾ (അവയിൽ നിന്നും) ഒളിഞ്ഞിരിക്കാറുണ്ടായിരുന്നില്ലല്ലോ. എന്നാൽ നിങ്ങൾ വിചാരിച്ചത് നിങ്ങൾ പ്രവർത്തിക്കുന്നതിൽ മിക്കതും അല്ലാഹു അറിയില്ലെന്നാണ്.” (41:21-22)

ഓരോ വ്യക്തിയുടെയും ഇരു വശങ്ങളിലുമായി അവന്റെ വാഗ്‌വിചാര കർമ്മങ്ങൾ രണ്ടു മലക്കുകൾ രേഖപ്പെടുത്തികൊണ്ടിരിക്കുന്നുണ്ട്. അല്ലാഹു പറയുന്നു.

﴿ إِذْ يَتَلَقَّى ٱلْمُتَلَقِّيَانِ عَنِ ٱلْيَمِينِ وَعَنِ ٱلشِّمَالِ قَعِيدٌ ﴿١٧﴾
مَّا يَلْفِظُ مِن قَوْلٍ إِلَّا لَدَيْهِ رَقِيبٌ عَتِيدٌ ﴾

“വലതുഭാഗത്തും ഇടതുഭാഗത്തും ഇരുന്നു കൊണ്ട് ഏറ്റുവാങ്ങുന്ന രണ്ടുപേർ ഏറ്റുവാങ്ങുന്ന സന്ദർഭം. അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെ അടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല.” (50:17-18)

ചുരുക്കത്തിൽ ഫോണിംഗിലൂടെയോ അല്ലാതെയോ ആയ സംസാരങ്ങൾ അനുവാദമില്ലാതെ റെക്കോർഡ് ചെയ്യലും ദുഷ്ടലാക്കോടെ പ്രചരിപ്പിക്കുകയും ചെയ്യുന്നത് കുറ്റകരമാണ്. ചതിയും വഞ്ചനയും അധർമ്മവുമൊക്കെ അടങ്ങിയ പാപങ്ങളുടെ സംഗമം എന്നു പറയലാവും കൂടുതൽ ഉചിതം. അത് മാന്യന്മാർക്ക് ചേർന്നതല്ല. വിശ്വാസികളെ അവയെതൊട്ട് അല്ലാഹു വിലക്കിയിട്ടുണ്ട്.

﴿ يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَخُونُوا۟ ٱللَّهَ وَٱلرَّسُولَ وَتَخُونُوٓا۟
أَمَٰنَٰتِكُمْ وَأَنتُمْ تَعْلَمُونَ ﴾

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവോടും റസൂലിനോടും വഞ്ചന കാണിക്കരുത്. നിങ്ങൾ വിശ്വസിച്ചേൽപിക്കപ്പെട്ട കാര്യങ്ങളിൽ അറിഞ്ഞ് കൊണ്ട് വഞ്ചന കാണിക്കുകയും ചെയ്യരുത്." (8:27)

മറ്റുള്ളവരുടെ ഫോൺ ചോർത്തി അതിലൂടെ ആസ്വാദനം കണ്ടെത്തുന്ന വേറെ ചിലയാളുകളുണ്ട്. ഭാര്യഭർത്താക്കൻമാരുടെ സംഭാഷണങ്ങളടക്കമുള്ള പലതും കട്ട് കേൾക്കുകയും ആസ്വദിക്കുകയുമൊക്കെ ചിലരുടെ 'ഹോബി' യാണ്. ഉറക്കമൊഴിച്ച് വരെ അത്തരം ക്രൂര വിനോദങ്ങളിലേർപ്പെടുന്നവരുണ്ട്. ഒരുതരം മാനസികരോഗമാണത്. ഉപരിസൂചിത താക്കീതുകൾ അത്തരക്കാർ ഒന്നുകൂടി ഓർത്തുകൊള്ളട്ടെ. അതോടൊപ്പം തന്നെ ഇങ്ങനെയൊക്കെ തനിക്ക് ചുറ്റും നടക്കുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ് ഫോണിലൂടെയുള്ള സംസാരങ്ങളിൽ കൂടുതൽ ശ്രദ്ധയും സൂഷ്മതയും പാലിക്കാൻ വിവേകികൾ ശ്രദ്ധിക്കേണ്ടതുണ്ട്. പക്ഷേ ചിലർക്ക് അവയിലൊന്നും യാതൊരു ശ്രദ്ധയുമില്ല. അല്ലെങ്കിൽ മറ്റുള്ളവർ തങ്ങളുടെ കിന്നാരങ്ങളും ശൃംഗാരങ്ങളും കേൾക്കുന്നതിൽ ഇക്കൂട്ടർ സ്വയം ആനന്ദം കണ്ടെത്തുകയാണോ എന്നറിയില്ല. എങ്കിൽ അത് ഏറെ ഗുരുതരം തന്നെ. സ്വന്തം ഇണയോടൊത്ത് ശയിക്കുകയും എന്നിട്ട് അത് മറ്റുള്ളവരോട് പങ്കുവെക്കുകയും ചെയ്യുന്നതിനെ നബിﷺ ശക്തമായി ആക്ഷേപിച്ചതാണ്. ആളുകളുടെ സംസാരങ്ങൾ കട്ടുകേൾക്കുന്നതിനെ കുറിച്ചും അതിന് പരലോകത്ത് കിട്ടാനിരിക്കുന്ന ശിക്ഷയെ കുറിച്ചും നബിﷺ താക്കീത് ചെയ്തിട്ടുമുണ്ട്:

وَمَنْ اسْتَمَعَ إِلَى حَدِيثِ قَوْمٍ وَهُمْ لَهُ كَارِهُونَ أَوْ يَفِرُّونَ مِنْهُ صُبَّ
فِي أُذُنِهِ الْآنُكُ يَوْمَ الْقِيَامَةِ

“മറ്റുള്ളവർ കേൾക്കാൻ ആളുകൾ ഇഷ്ടപ്പെടാത്ത സംസാരങ്ങൾ കട്ട് കേൾക്കുന്നവരുടെ കാതുകളിൽ ഉയർത്തെഴുന്നേൽപ്പിന്റെ നാളിൽ ഈയം ഉരുക്കി ഒഴിക്കുന്നതാണ്.” (ബുഖാരി)

## 16. കബളിപ്പിക്കൽ

ശബ്ദം മാറ്റി സംസാരിച്ചുകൊണ്ടും മറ്റും ചിലർ മറ്റുള്ളവരെ ഫോൺ ചെയ്ത് കബളിപ്പിക്കാറുണ്ട്. അന്വേഷണ ഉദ്യോഗസ്ഥനാണെന്നോ പോലീസ് സ്റ്റേഷനിൽ നിന്നാണെന്നോ അതുമല്ലെങ്കിൽ അയാൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന വല്ല കോളുകളുമാണെന്നോ പരിചയപ്പെടുത്തിക്കൊണ്ട് പേടിപ്പിക്കുകയും കബളിപ്പിക്കുകയുമൊക്കെ ചെയ്യൽ ചിലർക്ക് ഒരു തരം കളിയും തമാശയുമാണ്. ഏപ്രിൽ ഒന്നാം തീയ്യതി വിഡ്ഢി ദിനം എന്നു ഓമനപേരിട്ട് അല്ലാഹു വിരോധിച്ച ഇത്തരം ക്രൂര വിനോദങ്ങൾക്ക് ന്യായീകരണം നൽകുന്നത് ഏറെ ഗുരുതരമാണ്. അല്ലാഹു നിഷിദ്ധമാക്കിയ ഒരു കാര്യം സ്വന്തം ഇഷ്ട പ്രകാരമോ അല്ലെങ്കിൽ മറ്റുള്ളവരുടെ പ്രേരണയാലോ അനുവദനീയമായി കാണൽ ഒരു വിശ്വാസിക്ക് പാടുള്ളതല്ല. ജീവിതത്തിന്റെ ഏതേത് മേഖലകളിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കാൻ ബാധ്യസ്ഥനാണ് ഒരു യഥാർഥ മുസ്‌ലിം. അതിനാൽ ഇത്തരത്തിലുള്ള ക്രൂര വിനോദങ്ങൾ വിശ്വാസികൾക്ക് ചേർന്നതല്ല. നബിﷺ പറയുന്നു:

لَا يَحِلُّ لِمُسْلِمٍ أَنْ يُرَوِّعَ مُسْلِمًا

“ഒരു മുസ്‌ലിമിനെ ഭീതിപ്പെടുത്താൻ ഒരു മുസ്‌ലിമിന് പാടുള്ളതല്ല.” (അഹമദ്, അബൂദാവൂദ്)

ഇത്തരം മര്യാദകളും മാന്യമായ പെരുമാറ്റങ്ങളും ഫോണിംഗിന്റെ കാര്യത്തിലും പാലിക്കേണ്ടതാണ്. മൃഗീയമായ പെരുമാറ്റങ്ങളും കാടൻ സ്വഭാവങ്ങളും വിശ്വാസികൾക്ക് ചേർന്നതല്ല. നബി ﷺ പറയുന്നു:

اتق الله حيثما كنت وخالق الناس بخلق

"നീ ഏത് സന്ദർഭത്തിലും അല്ലാഹുവിനെ സൂക്ഷിക്കുക. നല്ല സ്വഭാവത്തോടെ ജനങ്ങളോട് പെരുമാറുക" (അഹമദ്)

വ്യാജഫോൺ സന്ദേശങ്ങളിലൂടെ ജനങ്ങളെ കഷ്ടപ്പെടുത്തുന്ന ബോംബു ഭീഷണി പോലുള്ള വാർത്തകൾ പതിവായി മാറിയിരിക്കുന്നു. ആളുകളെ ബുദ്ധിമുട്ടിക്കുകയും സ്വസ്ഥതയും സമാധാനവും നഷ്ടപ്പെടുത്തി എല്ലാം അവതാളത്തിലാക്കുന്ന ഇത്തരം ക്രൂരകൃത്യങ്ങളിൽ ഒരു കാരണവശാലും സത്യവിശ്വാസികൾ പങ്കുചേരാവുന്നതല്ല. മറ്റുള്ളവരുടെ വിഷമങ്ങളിൽ ആനന്ദം കണ്ടെത്തുന്ന ഇത്തരം 'സാഡിസ്റ്റുകൾ' അല്ലാഹുവിന്റെയും മലക്കുകളുടെയും മനുഷ്യരുടെയും ശാപകോപങ്ങൾക്ക് അർഹരാണ്. നീചവും നികൃഷ്ടവുമായ ഇത്തരം ക്രൂരതകളെ കേവലം അക്രമമെന്നോ തെമ്മാടിത്തമെന്നോ പറഞ്ഞാൽ പോരാ. അത്തരക്കാരെ പിടികൂടി മാതൃകാപരമായ ശിക്ഷ നൽകൽ നിയമപാലകരുടെയും നീതിപീഠങ്ങളുടെയും കടമയാണ്. സമൂഹത്തിന്റെ സുരക്ഷക്കും സമാധാനത്തിനും അത് അനിവാര്യമാണ് താനും. വഴിതെറ്റി സഞ്ചരിക്കുന്ന ഇത്തരക്കാരുടെ കെടുതികളിൽ നിന്ന് എല്ലാവരെയും അല്ലാഹു കാത്തുരക്ഷിക്കട്ടെ. അത്തരക്കാർക്ക് അല്ലാഹു നല്ലത് തോന്നിപ്പിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഇത്തരത്തിലുള്ള ഫോൺ സന്ദേശങ്ങൾ കിട്ടിയാൽ മനസ്സ് പതറി വിഭ്രാന്തരാകാതെ ബുദ്ധിപൂർവ്വമായ തീരു

മാനങ്ങളുമായി ചെയ്യേണ്ടുന്ന കാര്യങ്ങൾ ചെയ്യുക. അതിന്റെ അർഹമായ കേന്ദ്രങ്ങളിൽ മാത്രം വിവരം നൽകുക. എല്ലാവരിലേക്കും ആ വാർത്ത കൈമാറിയാൽ അരാജകത്വവും കുഴപ്പങ്ങളുമായിരിക്കും ഉണ്ടാവുക. അതാണ് അതിന്റെ പിന്നിൽ പ്രവർത്തിച്ചവരുടെയും ലക്ഷ്യം എന്ന് വരുമ്പോൾ അതിന് നാം സഹായികളാവരുതല്ലോ. പിശാചുക്കൾ മനുഷ്യരിലുമുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ അവരുടേതാണെന്ന് മനസ്സിലാക്കി സർവ്വശക്തനായ അല്ലാഹുവിൽ അഭയം തേടുക.

﴿ قُلْ أَعُوذُ بِرَبِّ ٱلْفَلَقِ ١ مِن شَرِّ مَا خَلَقَ ٢ وَمِن شَرِّ غَاسِقٍ إِذَا وَقَبَ ﴾

“പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്ന്. ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽനിന്നും.” (113:1–3)

﴿ قُلْ أَعُوذُ بِرَبِّ ٱلنَّاسِ ١ مَلِكِ ٱلنَّاسِ ٢ إِلَٰهِ ٱلنَّاسِ ٣ مِن شَرِّ ٱلْوَسْوَاسِ ٱلْخَنَّاسِ ٤ ٱلَّذِى يُوَسْوِسُ فِى صُدُورِ ٱلنَّاسِ ٥ مِنَ ٱلْجِنَّةِ وَٱلنَّاسِ ﴾

പറയുക: മനുഷ്യരുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. മനുഷ്യരുടെ രാജാവിനോട്. മനുഷ്യരുടെ ദൈവത്തോട്. ദുർബോധനം നടത്തി പിൻമാറിക്കളയുന്നവരെക്കൊണ്ടുള്ള കെടുതിയിൽ നിന്ന്. മനുഷ്യരുടെ ഹൃദയങ്ങളിൽ ദുർബോധനം നടത്തുന്നവർ. മനുഷ്യരിലും ജിന്നുകളിലും പെട്ടവർ. (114:1–6)

ഫോൺ എന്ന അനുഗ്രഹം ദുരുപയോഗം ചെയ്യുന്ന മറ്റൊരു രീതിയാണ് തന്റെ ഫോണിന്റെ സൗകര്യങ്ങളും മഹത്വങ്ങളും മറ്റുള്ളവർക്ക് മുമ്പിൽ പ്രദർശിപ്പിച്ച് മേനിനടിക്കൽ. അഹന്തയും പെരുമനടിക്കലും ഇസ്‌ലാം വിലക്കിയിട്ടുണ്ട്. അത്തരം ദുഷ്പ്രവർത്തനങ്ങളിലൂടെ നന്മയായി ഒന്നും നേടാനില്ല എന്ന് തിരിച്ചറിയുക. പെരുമനടിക്കുക എന്ന ഈ രോഗം മനുഷ്യരെ പല ലക്ഷ്യങ്ങളിൽ നിന്നും നന്മകളിൽ നിന്നും പാടെ അശ്രദ്ധരാക്കിയിരിക്കുകയാണ് എന്ന ഖുർആനിക താക്കീത് എന്തുമാത്രം അർഥവത്താണ്.

﴿ أَلْهَىٰكُمُ ٱلتَّكَاثُرُ ۝١ حَتَّىٰ زُرْتُمُ ٱلْمَقَابِرَ ﴾

"നിങ്ങൾ ഖബറുകൾ സന്ദർശിക്കുന്നതുവരേക്കും (അഥവാ മരണം വരേയും) പരസ്പരം പെരുമ നടിക്കുക എന്ന കാര്യം നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു." (102:1–2)

അനുഗ്രഹങ്ങൾ ശാപവും അപകടവുമായി മാറുന്ന ഇത്തരം അവസ്ഥകളുണ്ടാക്കാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കുക. സർവ്വശക്തനായ അല്ലാഹു അതിന് നമ്മെ അനുഗ്രഹിക്കട്ടെ! അല്ലാഹു പറയുന്നു:

﴿أَلَمْ تَرَ إِلَى ٱلَّذِينَ بَدَّلُوا۟ نِعْمَتَ ٱللَّهِ كُفْرًا وَأَحَلُّوا۟ قَوْمَهُمْ
دَارَ ٱلْبَوَارِ ۝٢٨ جَهَنَّمَ يَصْلَوْنَهَا ۖ وَبِئْسَ ٱلْقَرَارُ﴾

"അല്ലാഹുവിന്റെ അനുഗ്രഹത്തിന് (നന്ദി കാണിക്കേണ്ടതിനു) പകരം നന്ദികേട് കാണിക്കുകയും, തങ്ങളുടെ ജനതയെ നാശത്തിന്റെ ഭവനത്തിൽ ഇറക്കിക്കളയുകയും ചെയ്ത ഒരു വിഭാഗത്തെ നീ കണ്ടില്ലേ? അഥവാ നരകത്തിൽ. അതിൽ അവർ എരിയുന്നതാണ്. അത് എത്ര മോശമായ താമസസ്ഥലം!" (14:28,29)